കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ബുധനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P3/350/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 07/05/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബുധനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-16,1-22,1-19 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P3/350/2022 തീയ്യതി: 07/05/2022

ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ് .ആർ	ഡെപ്യൂട്ടിഡയറക്ടർ	01-12-2021	17-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
01-12-2021	17-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാാദേവി സി .എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുഷ ടി പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മനേഷ് കുമാർ. ജി, സീനിയർഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ. വിശ്വംഭര പണിക്കർ	പ്രസിഡന്റ്	01-04-2020	31-10-2020
ശ്രീമതി പുഷ്പലത മധു	പ്രസിഡന്റ്	30-12-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സൂസൻ തോമസ്	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി ഷീജ.എൻ	മെഡിക്കൽ ഓഫീസർ(അലോപ്പതി)	01-04-2020	31-03-2021
ശ്രീമതി ഗംഗ	മെഡിക്കൽ ഓഫീസർ(ചാർജ്ജ്)(ആയുർവേദം)	01-04-2020	16-11-2020
ശ്രീമതി ശ്രീലക്ഷ്മി.എസ്	മെഡിക്കൽ ഓഫീസർ(ആയുർവേദം)	17-11-2020	31-03-2021
ശ്രീമതി ജയശ്രീ. സി.ജെ	ഹെഡ്മിസ്ട്രസ്	01-04-2020	31-05-2020
ശ്രീമതി സിന്ധു	ഹെഡ്മിസ്ട്രസ്(ചാർജ്ജ്)	01-06-2020	31-03-2021
ശ്രീമതി ഷീജ. വി.എസ്	അസിസ്റ്റന്റ് എൻജിനിയർ	01-04-2020	31-03-2021
ശ്രീമതി സുജാഭായ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി റെജിമോൾ.ടി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ശ്രീ സി പി വിൻസന്റ്	സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി ശ്രീകല	വെറ്ററിനറി സർജ്ജൻ	01-04-2020	31-03-2021
ശ്രീമതി സ്വപ്ന ചന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീ. അജിത് കുമാർ. എ.യു	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	31-03-2021
ശ്രീ. പ്രദീപ് .കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(എണ്ണക്കാട് സർക്കിൾ)	01-04-2020	31-03-2021

ശ്രീമതി അശ്വതി കൃഷ്ണ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ബുധനൂർ സർക്കിൾ)	01-04-2020	31-03-2021

1.11.2020 മുതൽ 29.12.2020 വരെ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവരടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Maneshkumar G (Senior Grade Auditor, On 16-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: Maneshkumar G (Senior Grade Auditor, On 16-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-2
3	വാർഷിക കണക്കുകളുടെ പരിശോധന Written By: C.S Mayadevi (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-2-1
4	സാമ്പത്തിക വിശകലനം Written By: Maneshkumar G (Senior Grade Auditor, On 16-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-3
5	ഫണ്ട് വിനിയോഗം Written By: Maneshkumar G (Senior Grade Auditor, On 17-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-4
6	പദ്ധതി അവലോകനം Written By: Maneshkumar G (Senior Grade Auditor, On 17-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-5
7	തൊഴിലുറപ്പ് പദ്ധതി Written By: Maneshkumar G (Senior Grade Auditor, On 17-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-6
8	ക്ഷേമപദ്ധതികൾ Written By: Maneshkumar G (Senior Grade Auditor, On 17-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-7
9	ക്യാഷ് ബാലൻസ് പരിശോധന Written By: Maneshkumar G (Senior Grade Auditor, On 17-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-8
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ Written By: Maneshkumar G (Senior Grade Auditor, On 17-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-9
11	ആഭ്യന്തര നിയന്ത്രണ സംവിധാനം Written By: C.S Mayadevi (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-10
12	ഓഡിറ്റ് ഇംപാക്ട്.- വസ്തു നികുതി നിർണ്ണയത്തിലെ കുറവ് ചൂണ്ടിക്കാട്ടിയതിൻ പ്രകാരം പുനർനിർണ്ണയത്തിലൂടെ അപാകത പരിഹരിച്ചു. Written By: Maneshkumar G (Senior Grade Auditor, On 22-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-11
13	മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നില്ല- Written By: Maneshkumar G (Senior Grade Auditor, On 22-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-12
14	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല- തനത് വരുമാന നഷ്ടം Written By: Maneshkumar G (Senior Grade Auditor, On 22-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-13
15	എണ്ണക്കാട് ഗ്രാമം യു.പി. സ്കൂളുകളിലെ ഓടിന്റെ ലേല നടപടികൾ നാളിതുവരെ പൂർത്തിയാക്കിയില്ല Written By: Maneshkumar G (Senior Grade Auditor, On 22-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-14
16	ഇ ടെന്റർ ഫീസിനത്തിലെ തുക തിരികെ ലഭിക്കാൻ	1-15

	അവശേഷിക്കുന്നു Written By: C.S Mayadevi (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	
17	സഹകരണസംഘം ലാബ് ആധുനികവത്കരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു Written By: Maneshkumar G (Senior Grade Auditor, On 21-03-2022) Last Updated By: C.S Mayadevi (Asst. Audit Officer, On 15-04-2022)	1-16
18	വ്യായാമ കേന്ദ്രം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ - ചെലവിനത്തിൽ 7043/- രൂപയുടെ നഷ്ടം Written By: Sindhya.P (Asst. Audit Officer, On 19-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-17
19	രസീത് അടവിലെ കുറവ് ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരികെ അടച്ചു Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-18
20	ഗുണഭോക്തൃ വിഹിതം അടയ്ക്കാത്ത ആൾക്ക് തുക മടക്കി നല്കി - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചു Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-19
21	നടപടിക്രമങ്ങൾ പാലിക്കാതെ ഈടാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ നല്കി - അന്വേഷണം അനിവാര്യം Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-20
22	പൂഴിക്കാട്-ചാങ്ങേത്ത് പടി റോഡ് റിടാറിംഗ്- തുക അധികം ചെലഴിച്ചത് തിരികെ അടച്ചു Written By: C.S Mayadevi (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-21
23	ഗ്രന്ഥശാലകളുടെ ഉന്നമനത്തിനായി ഒന്നിലധികം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രയോജനപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്കുന്നു Written By: Sindhya.P (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-22
24	മത്സ്യത്തൊഴിലാളികൾക്ക് സൈക്കിളും ഐസ് ബോക്സും പദ്ധതി - മത്സ്യത്തൊഴിലാളികളാണെന്ന രേഖകൾ സമർപ്പിക്കാത്തവർക്കും ആനുകൂല്യം നൽകിയിരിക്കുന്നു Written By: Sindhya.P (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 11-04-2022)	1-23
25	പഠനമുറി പൂർത്തീകരിച്ചിട്ടില്ല Written By: Sindhya.P (Asst. Audit Officer, On 22-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-24
26	ഓട്ടോറിക്ഷാ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ Written By: Sindhya.P (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-25
27	കെയ്ക്കോക്ക് അധികമായി തുക അനുവദിച്ചു Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-26
28	കിടാരി വാങ്ങൽ, ആട് വാങ്ങൽ പദ്ധതികൾ - വാങ്ങിയ ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-27
29	ദുരിതാശ്വാസ നിധി -ചട്ടങ്ങൾ പാലിച്ചില്ല Written By: C.S Mayadevi (Asst. Audit Officer, On 21-12-2021)	1-28

	Last Updated By: Rajeev R (Deputy Director, On 12-04-2022)	
30	പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു നാളിതുവരെ ലഭ്യമായിട്ടില്ല. Written By: Maneshkumar G (Senior Grade Auditor, On 22-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-29
31	പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല Written By: Maneshkumar G (Senior Grade Auditor, On 22-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-30
32	വാഹനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നില്ല Written By: Sindhya.P (Asst. Audit Officer, On 22-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-31
33	കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് നിരീക്ഷിക്കണം Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-32
34	തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യൻ അവശേഷിക്കുന്നു Written By: C.S Mayadevi (Asst. Audit Officer, On 21-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-33
35	തയ്യൽ യൂണിറ്റിനായി പദ്ധതി രൂപീകരിച്ച ശേഷം വ്യക്തിഗത പ്രോജക്ടായി നടപ്പാക്കി Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-34
36	ലൈഫ് ഭവന പദ്ധതി Written By: Sindhya.P (Asst. Audit Officer, On 22-12-2021) Last Updated By: Rajeev R (Deputy Director, On 12-04-2022)	1-35
37	അഗതി രഹിത കേരളം പദ്ധതി Written By: Susha.T.Pillai (Asst. Audit Officer, On 20-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-36
38	നിരവധി കെട്ടിടങ്ങൾ നിഷ്ക്രിയാസ്തികളാകുന്നു Written By: C.S Mayadevi (Asst. Audit Officer, On 22-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-37
39	പ്രളയ ഫണ്ടുപയോഗിച്ച് ഗുണഭോക്താക്കൾക്ക് ജീവനോപാധി നൽകിയത് -നടപടിക്രമങ്ങൾ പാലിച്ചില്ല Written By: C.S Mayadevi (Asst. Audit Officer, On 22-12-2021) Last Updated By: C.S Mayadevi (Asst. Audit Officer, On 15-04-2022)	1-38
40	ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ചത്-ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി ചെലവഴിച്ചില്ല Written By: C.S Mayadevi (Asst. Audit Officer, On 23-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-39
41	ലൈഫ് ഭവന നിർമ്മാണം - തിരികെ ലഭിച്ച ആനുകൂല്യം തനത് ഫണ്ടിൽ അവശേഷിക്കുന്നു Written By: C.S Mayadevi (Asst. Audit Officer, On 23-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-40
42	ലൈഫ് എസ്.സി.പി ഭവന പദ്ധതി- വായ്പ എടുത്തിട്ടില്ലെങ്കിലും വികസന ഫണ്ടിൽ നിന്ന് തുക കുറവ് ചെയ്തു Written By: C.S Mayadevi (Asst. Audit Officer, On 23-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	1-41
43	ടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി കുറവ് ചെയ്ത ടാർവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപമായി	1-42

	തുടരുന്നു Written By: C.S Mayadevi (Asst. Audit Officer, On 25-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	സഹകരണസംഘം ലാബ് ആധുനികവത്കരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു Written By: Maneshkumar G (Senior Grade Auditor, On 24-12-2021) Last Updated By: C.S Mayadevi (Asst. Audit Officer, On 15-04-2022)	3-1
2	വ്യായാമ കേന്ദ്രം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ - ചെലവിനത്തിൽ 7043/- രൂപയുടെ നഷ്ടം Written By: C.S Mayadevi (Asst. Audit Officer, On 24-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	3-2
3	കെയ്കോയ്ക്ക് അധികമായി തുക അനുവദിച്ചു Written By: C.S Mayadevi (Asst. Audit Officer, On 24-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	3-3
	ഭാഗം 4	
1	സംയുക്ത പ്രോജ്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-3
4	വായ്പ/വായ്പാ തിരിച്ചടവ് Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-4
5	സ്ഥിര നിക്ഷേപങ്ങൾ Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: C.S Mayadevi (Asst. Audit Officer, On 15-04-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Maneshkumar G (Senior Grade Auditor, On 18-12-2021) Last Updated By: Rajeev R (Deputy Director, On 13-04-2022)	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 27-03-2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	194498299	190653000
വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)	180092435	181633597

1-2 വാർഷിക ധനകാര്യ പത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2020-21	31.07.2021	30.6.2021

1-2-1 വാർഷിക കണക്കുകളുടെ പരിശോധന

വാർഷിക കണക്കുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും ടി ഇനത്തിലെ തുകകൾ വാർഷിക കണക്കിലെ ഷെഡ്യൂൾ B5, B16 എന്നിവ പ്രകാരമുള്ള ലോൺ തുകകൾ പൊരുത്തപ്പെടുന്നില്ല. ലോൺ സംബന്ധിച്ച് ചെലവ് ചെയ്യുന്ന സമയത്ത് അതുമായി ബന്ധപ്പെട്ട പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ് എന്ന ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം ഹൗസിംഗ് എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയതിനാലാണ് ഈ അപാകതയുണ്ടായത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2) അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഓണം അഡ്വാൻസ് ഇനത്തിൽ ചെലവഴിച്ച തുക തിരികെ ലഭിക്കാനില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഷെഡ്യൂൾ B18 പ്രകാരം 12000 രൂപ തിരികെ ലഭിക്കാനുള്ളതായി കാണുന്നു. അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ശമ്പളത്തിൽ കുറവ് ചെയ്യുന്ന സമയത്ത് അഡ്വാൻസ് എന്ന ഹെഡ്ഡിന് പകരം മറ്റൊരു ഹെഡ്ഡിൽ കുറവ് ചെയ്തതിനാൽ ആണ് B-18 ൽ ബാലൻസ് കാണിക്കുന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി.

3) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കാഷ് ബുക്ക് പ്രകാരമുള്ള തുകകൾ ഷെഡ്യൂൾ I-6 പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ് ചെലവ് സംബന്ധിച്ച എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലെ വരവുകളുടെ കൃത്യത ഉറപ്പാക്കാനായില്ല.

5) B-4 പ്രകാരമുള്ള സംയുക്ത പ്രോജക്ടുകൾക്കായുള്ള തുകകളുടെ നീക്കിയിരിപ്പ് B-17 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6)ഷെഡ്യൂൾ B-4 പ്രകാരം ബെസ്റ്റ് പഞ്ചായത്ത് അവാർഡ്(ഹെഡ് കോഡ്-320900201) 1500000 രൂപ, അദർ അവാർഡ്സ് ഫ്രം സ്റ്റേറ്റ് ഗവൺമെന്റ്(ഹെഡ് കോഡ്-320900299) 250000/- രൂപ എന്നീ തുകകൾ ബാലൻസ് നിൽക്കുന്നതായി കാണുന്നു. എന്നാൽ ടി തുകകൾ 2020-21 വർഷം നടപ്പാക്കിയ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികൾ സംബന്ധിച്ച കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല.
വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	12028079
വരവ്	82813044

ആകെ	94841123
ചെലവ്	78576813
നീക്കിയിരിപ്പ്	16264310

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്		ആകെ	ചെലവ്		നീക്കിയിരുപ്പ്	ക്യൂബിൽ
		സോഴ്സിൽ പിടിച്ചത്	അലോട്ട്മെന്റ് വരവ്		ജി.ഒ. പ്രോജക്ട്	പ്രോജക്ട്		
വികസനഫണ്ട് (പൊതുവിഭാഗം)	0	1505291	18909456	20414747	1505291	17634015	1275441	
വികസനഫണ്ട് (എസ്.സി.പി)	0	117020	12418828	12535848	117020	9787319	2631509	
വികസനഫണ്ട് (റ്റി.എസ്.പി)	0	0	103000	103000		103000	103000	
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	0	10644046	10644046		8045564	2598482	
സംരക്ഷണ ഗ്രാന്റ്(റോഡ്)	0	0	9089000	9089000		9089000	0	
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)	0	0	3456681	3456681		3456681	0	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കി യത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്- ശതമാനം
185	40866000	110	48090579	52	23	117.68(പ്രളയ ഫണ്ട് കൂടി ഉൾപ്പെട്ടതിനാൽ)

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	56425	1379932	1436357	1430842	5515
ഗുണഭോക്താക്കൾക്ക്	0	46754789	46754789	46754789	0

നേരിട്ട് നൽകുന്നത്					

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	259200	36
കർഷകതൊഴിലാളി പെൻഷൻ	7994900	419
വിധവാ പെൻഷൻ	16609600	843
വാർദ്ധക്യകാല പെൻഷൻ	32345100	1785
വികലാംഗ പെൻഷൻ	5428900	279
അവിവാഹിത പെൻഷൻ	330800	85
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	180000	6

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 470 -രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർ ഫോമൻസ് ഓഡിറ്റ്	06.10.2021	09/21	ലഭിച്ചിട്ടില്ല
അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ്	10.12.2018 മുതൽ 18.12.2018	2013-14 മുതൽ 2017-18 വരെ	01.02.2019

1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2.ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ മിക്ക ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.ഗ്രാമപഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമിയിൽ നിരവധി കൈയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു. പ്രത്യേകിച്ച് ഉത്തരപ്പള്ളിയാർ, കുട്ടമ്പേരൂരാറിന്റെ തീരപ്രദേശം എന്നിവയിലും കൈയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്.

5.ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധനത്തിന്റെ ഉപഭോഗം സംബന്ധിച്ച് മാസം തോറും സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിരവധി കെട്ടടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഉദാഹരണമായി ജില്ലാപഞ്ചായത്തിൽ നിന്ന് നിർമ്മിച്ച് നൽകിയ തയ്യൂർ പകൽ വീട് ഇപ്പോൾ പ്രവർത്തനക്ഷമമല്ല, 4 സാംസ്കാരിക നിലയങ്ങൾ വായനശാലകളായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ

പ്രവർത്തനങ്ങൾ പരിമിതമായ രീതിയിലാണ്. സാംസ്കാരിക നിലയങ്ങൾ കൂടുതൽ ജനാകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി തൻവർഷം തുക ചെലവഴിച്ചെങ്കിലും 3.8.2021 മുതൽ മാത്രമാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്.

8.മഴക്കാല പൂർവ്വശുചീകരണത്തിനായി 14 വാർഡുകളിലും തുക നൽകിയെങ്കിലും അവയുടെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. തുകകൾ കൃത്യമായും സുതാര്യമായും ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. വാങ്ങലിന് മുമ്പായി അംഗീകൃത വെണ്ടർമാരുടെ ലിസ്റ്റ് തയാറാക്കപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-11 ഓഡിറ്റ് ഇംപാക്റ്റ്.- വസ്തു നികുതി നിർണ്ണയത്തിലെ കുറവ് ചൂണ്ടിക്കാട്ടിയതിൻ പ്രകാരം പുനർനിർണ്ണയത്തിലൂടെ അപാകത പരിഹരിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/- രൂപയും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 90/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്, വിലാസം	വാർഡ് നമ്പർ	കെട്ടിടനം.	ആകെ തറ വിസ്തീർണ്ണം	ചുമത്തിയ നികുതി@60	ചുമത്തേണ്ട നികുതി@90	കുറവ്
ശ്രീ.കിങ്ങ് കുമാർ.വി.ആർ രാജഭവനം, എണ്ണക്കാട്	12 (എണ്ണക്കാട് വടക്ക്)	550/A	166.23	9973.8	14960	4986.2
		550/B	178.03	11841	17761	5920
		550/B	19.32			
			363.58	**21814.8**	**32721**	**10906.2**
അസസ്സ്മെന്റ് വർഷം 2018 രണ്ടാം അർദ്ധവർഷം മുതൽ						

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പറുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്.

മേൽ പറഞ്ഞ ചട്ടപ്രകാരം വസ്തുനികുതി തിട്ടപ്പെടുത്തിയപ്പോൾ പട്ടികയിൽ സൂചിപ്പിച്ച വ്യക്തിയുടെ ഒരു വർഷത്തെ നികുതി തുകയിൽ ഉണ്ടായ കുറവായ 10906.2 ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കി

ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് 06.12.2021 തീയതിയിൽ 8-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം അറിയിപ്പ് നൽകി. ആയതിന്മേൽ അധികൃതർ പുനർ നിർണ്ണയം നടത്തുകയും 47,740/- രൂപയുടെ കുടിശ്ശിക നിജപ്പെടുത്തി 16.12. 2021 ൽ മറുപടിയി ലഭ്യമാക്കി നൽകുകയും ചെയ്തു. ഉടമസ്ഥന്റെ രേഖാമൂലമുള്ള അപേക്ഷയിന്മേൽ വേക്കൻസി റമിഷൻ അനുവദിക്കുകവഴി കുടിശ്ശിക തുകയിൽ നിന്ന് 17011/- രൂപ വേക്കൻസി റമിഷൻ പ്രകാരമുള്ള തുക കിഴിച്ച് 30729/- രൂപ 16.12.2021 ൽ രസീത് 121080100512, 121080100513 നമ്പർ പ്രകാരം ഈടാക്കി ഒടുക്കുവരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള വസ്തു നികുതി അസ്സസ്മെന്റുകളിൽ സമാന സ്വഭാവത്തിലുള്ളവ ഉണ്ടോയെന്ന് പരിശോധിച്ച് കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നില്ല-

ഗ്രാമപഞ്ചായത്തിൽ 5 മോബൈൽ ടവറുകൾ പ്രവർത്തിച്ചുവരുന്നതായാണ് സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റാബേസിൽ ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. വസ്തു നികുതി ഇനത്തിൽ ബി.എസ്.എൻ.എൽ.ന്റെ രണ്ടു ടവറുകളും വലിയ തുക കുടിശ്ശിക നൽകാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ടവറിന്റെ പേര്	വാർഡ് നമ്പർ	അസസ്സ് ചെയ്ത വർഷം	കുടിശ്ശിക
1	ബി.എസ്.എസ്.എൽ	3/386B (ബുധനൂർ വെസ്റ്റ്)	2015	65,520
2	ബി.എസ്.എൻ.എൽ	5/411 (ഇലഞ്ഞിമേൽ)	2015	1,01,966

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന തുകകൾ ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി സംബന്ധിക്കുന്ന വിശദാംശംങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല- തനത് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ റജിസ്ട്രേഷൻപുതുക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപന ഉടമയുടെ പേര്, അഡ്രസ്സ്	സ്ഥാപനം	വാർഡ് കെട്ടിടനമ്പർ
1	ഡോ. രമ്യാ രാജൻ, തംബുരു, എണ്ണക്കാട്	ആയുർവേദ ക്ലിനിക്ക്	XII/429
2	ഷൈനി ഷാജൻ, കുറ്റിലയ്യത്ത്	ലാബോറട്ടറി	VI/192
3	എം.എൻ.രഘുനാഥൻ മുല്ലക്കീഴിൽ വീട്, ബുധനൂർ	ആയുർവേദ ചികിത്സയും മരുന്നുവിതരണവും	II/185
4	ചെങ്ങന്നൂർ താലൂക്ക് മെഡിക്കൽ ഡയഗനോസ്റ്റിക്&പാരാമെഡിക്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് NO.1149	നീതി മെഡിക്കൽ ലാബ്	XII/112

ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ റജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ സ്ഥാപനങ്ങളെ പ്രവർത്തിക്കുന്നുണ്ട് എന്നത് ലൈസൻസിന്റെ ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോയെന്നും, വാർഷിക പുതുക്കൽ നടത്തിയിട്ടുണ്ടോയെന്നും സംബന്ധിച്ച് 10.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി 17/2020-21 നമ്പരായി നൽകിയിരുന്നു. പ്രസ്തുത സ്ഥാപനങ്ങളെ

രജിസ്ട്രേഷൻ, വാർഷിക പുതുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഈ ഇനത്തിൽ ലഭിക്കേണ്ട ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷന് 200/- രൂപയും പുതുക്കലിന് 50/- രൂപയാണ് നിരക്ക്. നിരക്ക് പ്രകാരം നാല് സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട 1000/- (250X4) രൂപ തനത് വരുമാന നഷ്ടമായി നിജപ്പെടുത്തുന്നു. ഉത്തരവാദിയിൽ നിന്ന് തുക ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിലവിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനും, പുതുക്കുന്നതിനുമുള്ള അറിയിപ്പ് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനോടൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. (സർക്കുലർ നമ്പർ 47724/ഡി.സി.1/11/എൽ.എസ്.ജി.ഡി. തീയതി.09.12.2012).

1-14 എണ്ണക്കാട് ഗ്രാമം യു.പി. സ്കൂളുകളിലെ ഓടിന്റെ ലേല നടപടികൾ നാളിതുവരെ പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ എണ്ണക്കാട് ഗ്രാമം യു.പി.സ്കൂളുകളിലെ മേൽക്കൂരയിൽ നീക്കം ചെയ്ത ഓടുകൾ സ്കൂൾ വളപ്പിൽ ലേലം നടത്തുന്നതിനായി സൂക്ഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടിൽ ഓടുകളുടെ വില 3210/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓടുകൾ ലേലം നടത്തി തുക തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടോ എന്നതിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾക്ക് 24.12.2021 തീയതിയിൽ 24-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് ലേല നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഇ ടെന്റർ ഫീസിനത്തിലെ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വിവിധ വർഷങ്ങളിലായി ഇ-ടെന്റർ മുഖേന നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസ് ഇനത്തിൽ ലഭിച്ച തുക നാളിതുവരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	തുക
2016	22575
2017	37050
2018	59504
2019	16090
ആകെ	135219

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്ന ഈ തുക തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 സഹകരണസംഘം ലാബ് ആധുനികവത്കരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പ്രോജക്ടായിരുന്ന സഹകരണസംഘം ലാബ് ആധുനികവൽകരണം. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ, പേര്	147/20-21 സഹകരണസംഘം ലാബ് ആധുനികവത്കരണം

ഫണ്ടിനം അടങ്കൽ	വികസനഫണ്ട് (ജനറൽ) 2,22,152
ചെലവ്	2,22,152
ബിൽ നമ്പർ, തീയതി	3/2020-21 തീയതി.20.06.2020

മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ചു

ചെങ്ങന്നൂർ താലൂക്ക് മെഡിക്കൽ ഡയഗനോസ്റ്റിക് & പാരാമെഡിക്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് NO.1149- നീതി മെഡിക്കൽ ലാബ്, എണ്ണക്കാട്. പി.ഒ. ചെങ്ങന്നൂർ എന്ന സ്ഥാപനത്തിനാണ് മെഡിക്കൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം 1968 ലെ കേരള സഹകരണസംഘം നിയമപ്രകാരം സഹകരണ സംഘം രജിസ്ട്രാർ മുഖേന രജിസ്റ്റർ ചെയ്ത സ്ഥാപനമാണ്. എന്നാൽ കഴിഞ്ഞ പത്ത് വർഷമായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല. ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി രേഖകൾ എന്നിവയൊക്കാ വാങ്ങി നിയമപരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണെന്ന് ഉറപ്പാക്കുന്നതിന് കഴിഞ്ഞില്ല. (സർക്കുലർ നമ്പർ 47724/ഡി.സി.1/ 11/എൽ.എസ്.ജി.ഡി. തീയതി. 09.12.2012).

ധനസഹായം നൽകുന്നതിന് തൊട്ടുമുൻപുള്ള വർഷമെങ്കിലും സഹകരണ സംഘം പ്രവർത്തന ലാഭമുള്ളതായിരിക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയവ ഹാജരാക്കുന്നതിന് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടു. (ഓഡിറ്റ് എൻക്വയറി. നം-31/2021) മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയില്ല.

കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എലൈറ്റ് ഹെൽത്ത് കെയർ എന്ന സ്ഥാപനം മെഡിക്കൽ ഉപകരണങ്ങൾ വിതരണം നടത്തുന്ന സ്ഥാപനം മാത്രമാണ്. എന്നിരുന്നിട്ടും 7,585/- രൂപയുടെ കമ്പ്യൂട്ടർ ഉപകരണങ്ങളും മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. ഇത്തരം വാങ്ങലുകൾ നടത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നിലനിൽക്കേ മേൽ സ്ഥാപനത്തെ തെരഞ്ഞെടുത്തതും മാർഗ്ഗരേഖകളുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

2) സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിലും അധികം തുക നൽകി

സഹകരണസംഘങ്ങളുടെ ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ സാമൂഹ്യസാമ്പത്തിക തലത്തിൽ ലഭ്യമാകേണ്ട പ്രയോജനം നിശ്ചയിച്ച് നിർദ്ദിഷ്ട 5 ഘടകങ്ങൾക്കായിരിക്കണം ധനസഹായം നൽകേണ്ടതെന്ന് 13-ാം സബ്സിഡി മാർഗ്ഗരേഖ ഖ-6.10 ലെ ഉപഖണ്ഡിക 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 6.14 ൽ വിശദമാക്കുന്നതനുസരിച്ച് നിർമ്മാണച്ചെലവിന്റെ 80% മാത്രമേ ധനസഹായം നൽകാവൂ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 2,22,152/- രൂപ ചെലവുള്ള ഈ പദ്ധതിയ്ക്ക് അനുവദനീയമായ തുക 1,77,722/- രൂപ മാത്രമാണ്. അനുവദിക്കാമായിരുന്നതിലും അധികം 44,430/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. പ്രസ്തുത തുക നിരാകരിക്കുന്നു.

3)ടെണ്ടർ കുറവ് പരിഗണിക്കാതെ തുക ഏജൻസിയ്ക്ക് തുക നൽകി

പ്രോജക്ട് നിർവ്വഹണത്തിനായി മത്സരാധിഷ്ഠിത ടെൻഡർ/ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ കോട്ടയത്ത് പ്രവർത്തിച്ചുവരുന്ന എലൈറ്റ് ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് കമ്മറ്റി തീരുമാനമെടുത്തിരുന്നു.

എലൈറ്റ് ഹെൽത്ത് കെയർ, കോട്ടയം എന്ന സ്ഥാപനം നൽകിയ ടെൻഡറിൽ എസ്റ്ററിമേറ്റ് നിരക്കിനേക്കാൾ 30% കുറവിൽ (30% Below Estimate Rate) സാധന സാമഗ്രികൾ സപ്ലൈ ചെയ്ത് തരുന്നതിന് സന്നദ്ധമാണെന്ന സമ്മതം ടെൻഡർ ഫോമിൽ രേഖപ്പെടുത്തിയിരുന്നു. മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്ത എലൈറ്റ് ഹെൽത്ത് കെയർ ഹാജരാക്കിയ ബിൽ പ്രകാരം ആകെ തുക 2,22,152/- രൂപ(ബിൽ നമ്പർ, 3/2020-21/ 20.06.2020)യാണ്. എന്നാൽ ടെന്റർ (30%) കുറവ് വരുത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകുകയാണുണ്ടായത്. അതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 44,430/- രൂപ കഴിച്ചുള്ള തുകയുടെ 30% (1,77,722x30%) തുകയായ 53317/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

4)ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നാളിതുവരെ ഒരുക്കിയിട്ടില്ല

എലൈറ്റ് ഹെൽത്ത് കെയർ എന്ന സ്ഥാപനം 04.06.2020 ൽ മെഡിക്കൽ ഉപകരണങ്ങൾ സഹകരണ ലാബിന് എത്തിച്ചു നൽകി. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ എതിർദിശയിൽ നിലകൊള്ളുന്ന സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ് ലാബ് പ്രവർത്തിക്കുന്നത്. പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ

ഓഡിറ്റിന്റെ ഭാഗമായി 18.12.2021-ൽ ഭൗതിക പരിശോധന നടത്തി. ലഭിച്ച താഴെപ്പറയുന്ന ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തിപ്പിക്കാതെ പായ്ക്കറ്റിൽ തന്നെ സൂക്ഷിച്ചിരിക്കുന്ന സ്ഥിതിയിലാണ് കണ്ടെത്താൻ കഴിഞ്ഞത്. പായ്ക്കറ്റിനുള്ളിൽ ഭദ്രമായി സൂക്ഷിച്ച ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉപകരണത്തിന്റെ പേര്	വില
1	Semi Auto Clinical Chemistry Analyser Milspa Viva	81,356
2	Labomed Binoculaar	8,305
3	Digital Sphymomanometre	1,610
4	Heamometre Plano	3,050
5	Blood Cell Counter	9,32
6	Medical Incubator	8,305
7	Three Channel ECG-703	40,593
ആകെ		**1,44,151**

പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ സിംഹഭാഗം ഉപകരണങ്ങളും ഇപ്പോഴും പ്രവർത്തിപ്പിച്ചിട്ടില്ലാത്ത നിലയിലാണ് കാണപ്പെട്ടത്. ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള സ്ഥലത്തിന്റെ അപര്യാപ്തത മൂലമാണ് ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നതെന്ന് ലാബിലെ ജീവനക്കാർ അഭിപ്രായപ്പെട്ടു.

ഗ്രാമപഞ്ചായത്തിൽ പെരിങ്ങലിപ്പുറം, കടമ്പൂർ എന്നിവടങ്ങളിലായി രണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കടമ്പൂർ പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നതാണ്. ഈ ആരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ലാബും പ്രവർത്തിക്കുന്നുണ്ട്. കടമ്പൂർ ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ലാബിനെ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടപ്പിലാക്കുന്നതിന് പ്രഥമ പരിഗണന കൊടുത്തിരുന്നുവെങ്കിൽ സാധാരണ ജനങ്ങൾക്ക് വളരെയധികം ഫലപ്രദമായേനെ എന്നത് സംശയമില്ലാത്ത കാര്യമാണ്. ലാബ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാകുന്നതിനെ സംബന്ധിച്ച് ഫീസിബിലിറ്റി പരിശോധിക്കാതെയാണ് പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചതും ആയത് പദ്ധതിയുടെ പരാജയത്തിന്റെ പ്രധാനപ്പെട്ട കാരണമായി. നിർവ്വഹണത്തിലെ മുന്നൊരുക്കമില്ലായ്മ പദ്ധതി ആസൂത്രണത്തിലെ പിഴവിന് ആക്കം കൂട്ടി.

ഉപകരണങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഉപകരണങ്ങൾക്ക് 2 വർഷത്തെ വാറണ്ടി സ്ഥാപനം ഉറപ്പുനൽകുന്നുണ്ട്. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാത്തതിനാൽ ആനുകൂല്യത്തിന്റെ ആവശ്യം ഇക്കാലയളവിൽ ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നില്ല എന്നത് നിർവ്വഹണത്തിന്റെ മറ്റൊരു അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

രേഖപ്പെടുത്തിയ ടെൻഡർ കുറവ് തുകയിൽ കുറച്ച് ബിൽ തുക നൽകാഞ്ഞതിനാൽ ഉണ്ടായ ചെലവ് നഷ്ടത്തുകയായ 53317/- രൂപയും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 44430/- രൂപയും ഉൾപ്പടെ 97747/-രൂപ നഷ്ടമായി നിജപ്പെടുത്തുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. മറ്റ് അപാകങ്ങൾ നിലനിൽക്കുന്നതിനാലും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ വാങ്ങലുകളുടെ തുകയായ 7,585/- രൂപ ഉൾപ്പടെ നിരാകരണത്തിന് ശേഷം അവശേഷിക്കുന്ന 124405/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 വ്യായാമ കേന്ദ്രം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ - ചെലവിനത്തിൽ 7043/- രൂപയുടെ നഷ്ടം

പ്രോജക്ട് നം - 122/21

പ്രോജക്ടിന്റെ പേര് - വ്യായാമകേന്ദ്രം
നിർവഹണം -സെക്രട്ടറി
ചെലവഴിച്ച തുക – 158816 രൂപ, ട്രഷറി ബിൽ നം . 04/20-21/17-04-20

ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും ഹെൽത്ത് ക്ലബ് ആരംഭിക്കുന്നതിനായാണ് ടി പ്രോജക്ട് രൂപീകരിച്ചത്. ഈ പ്രോജക്ടിന്റെ നിർവഹണത്തിനായി 13 ഇനം വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി 03 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ

ലോവസ്റ്റ് ടെണ്ടർ പരിഗണിക്കാതെ ഹെൽത്ത് പാർക്ക് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

വാങ്ങിയ സാധനം	ഹെൽത്ത് പാർക്ക് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്	പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്
Cable Cross Over	61880	58905
Flat Bench	4046	3511
Adjustable Bench	8033	7497
Thread Mill	33320	31535
Orbitrack	15470	14280

ഇപ്രകാരം കുറഞ്ഞ ടെണ്ടർ പരിഗണിക്കാതെ സാധനം വാങ്ങിയത് വഴി പദ്ധതിപ്പണത്തിന് അധികച്ചെലവ്

ഉണ്ടായതായി കാണുന്നു. 03-ാം വാർഡിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറിയുടെ മുകൾ നിലയിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ചുമതല ലൈബ്രേറിയൻ നിധിൻ കിഷോറിന് നല്കാൻ തീരുമാനിച്ചിട്ടുണ്ട് (കമ്മിറ്റി തീരുമാനം നം.-6(3)/തീയതി 07-09-2020). ടി കേന്ദ്രത്തിൽ നിലവിൽ ദിവസേന എത്ര പേർ വ്യായാമത്തിനായി വരുന്നുണ്ട്, വിസിറ്റേഴ്സിന്റെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടൊ, വിസിറ്റേഴ്സിൽ നിന്ന് യൂസർ ഫീ എന്തെങ്കിലും ഈടാക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം. 12 ന് നല്കിയ വിശദീകരണത്തിൽ ജി.എസ്.ടി . രജിസ്ട്രേഷൻ ഉള്ളതിനാൽ ക്വാട്ട് ചെയ്ത തുകയിലും കുറച്ചാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ പദ്ധതി പണം അധികത്തിൽ ചെലഴിച്ചിട്ടില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത് 1% ഫ്ലഡ് സെസ് മാത്രമാണ്. ഇത് മൂലം പദ്ധതിപ്പണത്തിൽ നഷ്ടമുണ്ടായിട്ടില്ലായെന്ന മറുപടി അംഗീകരിക്കുന്നില്ല. നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വാങ്ങിയ സാധനം	ഹെൽത്ത് പാർക്ക് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്			പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ)നിരക്ക്			അധികത്തിൽ ചെലവഴിച്ച തുക
	യൂണിറ്റ് നിരക്ക്	ടാക്സ്	ആകെ	യൂണിറ്റ് നിരക്ക്	ടാക്സ്	ആകെ	
Cable Cross Over	52000	9360	61360	49500	8910	58410	2950
Flat Bench	3400	1224	4624	2950	1062	4012	612
Adjustable Bench	6750	1215	7965	6300	1134	7434	531
Thread Mill	28000	5040	33040	26500	4770	31270	1770
Orbitrack	13000	2340	15340	12000	2160	14160	1180

ആകെ 7043

ഇപ്രകാരം അധികത്തിൽ ചെലവായ തുക 7043/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ് .

ഇവ കൂടാതെ Static Bike, Hexagonal Rubber Dumbells 1 Kg, Hexagonal Rubber Dumbells 5kg, Hexagonal Rubber Dumbells 7.5kg, Hexagonal Rubber Dumbells 10 Kg Hexagonal Rubber Dumbells 12.5kg, Hexagonal Rubber Dumbells 15kg, Hexagonal Rubber Dumbells 20kg എന്നീ സാധനങ്ങളും വാങ്ങിയിട്ടുണ്ട്.

വ്യായാമ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഈ മേഖലയിൽ പരിചയമുള്ള ഒരാളെ ഏർപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് കൈ നം. 11/2018/ത.സ്വ.ഭ.വ. /29-01-2018 ഖണ്ഡിക 7.10 ൽ കായിക വിനോദ മേഖലയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകളെപ്പറ്റി പറയുന്നുണ്ട്. മിനി സ്റ്റേഡിയം, കളിസ്ഥലം, സ്കൂളുകളുടെ

കളിസ്ഥലത്തിന്റെ മേന്മവൽക്കരണം, സ്പോർട്സ് കൗൺസിലുകൾ സജീവമാക്കുക, സ്പോർട്സ് -ഗെയിംസ് ഇനങ്ങളിൽ പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, എന്നിവയുടെ സംഘാടനം എന്നിങ്ങനെ ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് പറയുന്നുണ്ട്. പദ്ധതി മാർഗ്ഗരേഖയിലൊ സബ്സിഡി മാർഗ്ഗരേഖയിലൊ ഇപ്രകാരം ഒരു പ്രോജക്റ്റ് ഏറ്റെടുക്കാവുന്നത് സംബന്ധിച്ച് നിർദ്ദേശമുൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഇത് വെറ്ററിനറി ഡിസ്പെൻസറിയുടെ മുകൾ നിലയിലാണ് സ്ഥാപിച്ചിരിക്കുന്നത്. മുകൾ നില ട്രസ് വർക്ക് ചെയ്തിട്ടുള്ളതും ഭിത്തി പൂർണമായും കെട്ടിമറച്ചിട്ടില്ലാത്തതുമാണ്. ഇതിൽ നിന്നും വ്യക്തമായ ആസൂത്രണമില്ലാതെയാണ് പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ഈ വ്യായാമ ഉപകരണങ്ങൾ സുരക്ഷിതമായ ഒരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്. നിലവിൽ ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ ഈടാക്കുന്നില്ല. യൂസർ ഫീ ഈടാക്കി വരുമാന ദായകമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

<u>1-18 രസീത് അടവിലെ കുറവ് ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരികെ അടച്ചു</u>

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായ 178/21 കിടാരി വാങ്ങൽ (പോത്തു കുട്ടി) എന്ന പദ്ധതിയ്ക്കായി ശ്രീ.ശ്യാം.എസ്, ചന്ദ്രികാലയം, ഗ്രാമം എന്ന വ്യക്തിയിൽ നിന്നും രസീത് നമ്പർ 58821/32 പ്രകാരം 2000/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയിരുന്നു. എന്നാൽ രസീത് നമ്പർ 120110101116/09.11.2020 പ്രകാരം വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്തിൽ അടച്ചപ്പോൾ 600/- രൂപ കുറച്ച് 1400/- മാത്രമേ അടവ് വന്നിട്ടുള്ളൂ .

ഓഡിറ്റ് അന്വേഷണം നം.18/20-21/10.12.21 പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ചതിലെ കുറവ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് രസീത് നം. 121080100527/17.12.2021 പ്രകാരം 600/- രൂപ തനതു ഫണ്ടിൽ ഒടുക്കു വരുത്തി രസീത് ഹാജരാക്കുകയും വെറ്ററിനറി ഡിസ്പൻസറിയിലെ മറ്റു ജീവനക്കാരാണ് തുക കൈകാര്യം ചെയ്യുന്നതെന്ന മറുപടിയും നല്കി.

ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതും അത് കൃത്യമായി ഒടുക്കുവരുത്തുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ചുമതല ആയതിനാൽ അതിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതാണ്.

<u>1-19 ഗുണഭോക്തൃ വിഹിതം അടയ്ക്കാത്ത ആൾക്ക് തുക മടക്കി നല്കി - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചു</u>

വെറ്ററിനറി സർജൻ 2020-21ൽ നടപ്പാക്കിയ കിടാരി വാങ്ങൽ (ജനറൽ) എന്ന പദ്ധതിയിൽ ഓരോ ഗുണഭോക്താവിൽ നിന്നും 2000/- രൂപ വീതവും ആട് വാങ്ങൽ (ജനറൽ) എന്ന പദ്ധതിയിൽ ഓരോ ഗുണഭോക്താവിൽ നിന്നും 1400/- രൂപ വീതവും ഗുണഭോക്തൃ വിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അച്ചിരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ പ്രശ്നങ്ങളെ തുടർന്ന് ഏതാനും ഗുണഭോക്താക്കൾക്ക് അവർ അടച്ച തുക തിരികെ നല്കി (ഖണ്ഡിക 1-20).

ശ്രീമതി സുലഭ ശിവശൈലം എന്ന ഗുണഭോക്താവ് രസീത് നമ്പർ 58821/35 പ്രകാരം ആടുവാങ്ങൽ പദ്ധതിക്കാണ് ഗുണഭോക്തൃ വിഹിതം അടച്ചത്. എന്നാൽ വെറ്ററിനറി സർജന്റെ 151/27.08.2021 ലെ നടപടിക്രമ പ്രകാരം കിടരി വാങ്ങൽ പദ്ധതിയുടെ പതിനൊന്ന് ഗുണഭോക്താക്കൾക്ക് 2000/- രൂപ വീതം ഗുണഭോക്തൃ വിഹിതം തിരികെ നല്കിയ കൂട്ടത്തിൽ കിടാരി വാങ്ങൽ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കാത്ത ശ്രീമതി സുലഭയ്ക്ക് പ്രസ്തുത നടപടിക്രമത്തിൽ ക്രമ നമ്പർ 7 ആയി ചേർത്ത് 2000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തു നല്കി.

ഗുണഭോക്തൃ വിഹിതം അടയ്ക്കാത്ത വ്യക്തിക്ക് തുക തിരികെ നല്കിയതിലെ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.23/20-21/14.12.21 നല്കിയതിനെ തുടർന്ന് രസീത് നമ്പർ. 121080100526/17.12.2021 പ്രകാരം 2000/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കി .

<u>1-20 നടപടിക്രമങ്ങൾ പാലിക്കാതെ ഈടാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ നല്കി - അന്വേഷണം അനിവാര്യം</u>

വെറ്ററിനറി സർജൻ 2020-21-ൽ നടപ്പാക്കിയ കിടാരി വാങ്ങൽ-ജനറൽ (178/20-21) എന്ന പദ്ധതിയ്ക്കായി 83 ഗുണഭോക്താക്കളിൽ നിന്നും ആട് വാങ്ങൽ -ജനറൽ (180/20-21) എന്ന പദ്ധതിയ്ക്കായി 119 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിരുന്നു. 83 പേർ ഗുണഭോക്തൃ വിഹിതം അടച്ച കിടാരി വാങ്ങൽ പദ്ധതിയിൽ 70 പേർക്കും, 119 പേർ ഗുണഭോക്തൃ വിഹിതം അടച്ച ആട് വാങ്ങൽ പദ്ധതിയിൽ 86 പേർക്കും മാത്രമേ 2020-21 ഉരുക്കളെ വിതരണം ചെയ്തിട്ടുള്ളൂ.

രേഖകൾ പരിശോധിച്ചതിൽ ഈ രണ്ടും പദ്ധതികളിലും ഗുണഭോക്തൃ വിഹിതം അടച്ച ഏതാനും ഗുണഭോക്താക്കൾക്ക് അവർ അടച്ച ഗുണഭോക്തൃ വിഹിതം അവരുടെ അക്കൗണ്ടിലേക്ക് തിരികെ നല്കിയതായി കണ്ടു .

തുക തിരികെ നല്കിയ നടപടിക്രമത്തിന്റെ വിശദാംശം ചുവടെ.

നടപടി ക്രമം നമ്പർ /തീയതി	ചെക്ക് നം./തീയതി	ഗുണഭോക്താക്കൾക്ക് കൈമാറിയ തുക	റിമാർക്സ്
150/27.08.2021	JF-5267201/27.08.2021	26000	ആട് വാങ്ങൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം
151/27.08.2021	JF-5267202/27.08.2021	58000	കിടാരി വാങ്ങൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം
158/04.09.2021	JF-5267203/04.09.2021	5400	ആട്, കിടാരി വാങ്ങൽ പദ്ധതി യുടെ ഗുണഭോക്തൃ വിഹിതം

മേൽ നടപടിക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഏത് രസീത് പ്രകാരമാണ് തുക അടച്ചതെന്നും തുക തിരികെ കൊടുക്കുവാനുള്ള കാരണവും വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ. 13/20-21/09.12.21 ന് പഞ്ചായത്തിൽ നിന്നും നല്കിയ രസീത് ബുക്ക് പ്രകാരമാണ് തുക അടച്ചിട്ടുള്ളതെന്നും, തുക അടച്ചവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി തരാതിരുന്നതിനാലാണ് വാങ്ങിയ ഗുണഭോക്തൃ വിഹിതം തിരികെ നല്കിയതെന്നും അറിയിച്ചു.

വെറ്ററിനറി സർജൻ ഹാജരാക്കിയ മറുപടിയുടെ നിജ സ്ഥിതി വിലയിരുത്തുവാനായി തുക തിരികെ ലഭിച്ചവർ ഗുണഭോക്തൃ വിഹിതം അടച്ച രസീതിന്റെ വിശദാംശവും ഗുണഭോക്തൃ ലിസ്റ്റും പരിശോധിച്ചതിൽ 09.11.2020 മുതൽ 31.03.2021 വരെ ഉപയോഗിച്ചിട്ടുള്ള 58821 നമ്പർ രസീത് ബുക്കാണ് ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ വിനിയോഗിച്ചിട്ടുള്ളതെന്നും ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 11.06.2020-ലെ തീയതിലെ 4/3 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ കിടാരി വാങ്ങൽ (ജനറൽ) പദ്ധതിയ്ക്കായി 2020-21 ൽ 99 ഗുണഭോക്താക്കളും ആട് വാങ്ങൽ (ജനറൽ) പദ്ധതിയിൽ 373 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുള്ളതായും കണ്ടു.

പദ്ധതി നടപ്പാക്കുവാൻ ആവശ്യത്തിന് ഗുണഭോക്താക്കൾ 06/2020 ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടായിട്ടും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരിൽ നിന്നും പഞ്ചായത്ത് രസീത് പ്രകാരമായാൽ പോലും ഗുണഭോക്തൃ വിഹിതം ഈടാക്കിയതും, ആനുകൂല്യം ലഭിക്കാത്തവർ ലിസ്റ്റിൽ നില നില്ക്കെ തന്നെ പുറത്തു നിന്നുള്ളവരെ ഗുണഭോക്തൃ ലിസ്റ്റിൽ പഞ്ചായത്ത് കമ്മിറ്റി ഉൾപ്പെടുത്തി തരാതിരുന്ന എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയും പദ്ധതി നടത്തിപ്പിലെ ക്രമക്കേട് വ്യക്തമാക്കുന്നു. തുക തിരികെ നല്കിയതിനെ സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിത നടപടി ക്രമങ്ങൾ പ്രകാരം കിടാരി വാങ്ങൽ, ആട് വാങ്ങൽ പദ്ധതികൾക്കായി ഉരുക്കളെ വിതരണം ചെയ്ത മരിയാ ഫാം ഉടമ ശ്രീ.രാജു ജോസഫിന്റെ അക്കൗണ്ടിലേക്കും 49,400/- രൂപ നല്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം തിരികെ നല്കുന്ന നടപടിക്രമത്തിൽ ശ്രീ.രാജു ജോസഫിന്റെ പേര് ഉൾപ്പെട്ടതിനും വിശദീകരണം ലഭിച്ചിട്ടില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ശ്രീ.രാജു ജോസഫിന് നല്കിയ 49,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളിന്മേൽ വിശദമായ അന്വേഷണവും തുടർ നടപടികളും ശുപാർശ ചെയ്യുന്നു.

<u>1-21 പൂഴിക്കാട്-ചാങ്ങേത്ത് പടി റോഡ് റിടാറിംഗ്- തുക അധികം ചെലഴിച്ചത് തിരികെ അടച്ചു</u>

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൂഴിക്കാട്ട് ചാങ്ങേത്ത് പടി റോഡ് റീടാറിംഗ് പ്രവൃത്തി നടപ്പാക്കുന്നതിന് ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റിനേക്കാൾ 1% കുറവ്) രേഖപ്പെടുത്തിയത് എ. ഗോപാലകൃഷ്ണൻ എന്ന കരാറുകാരനായിരുന്നു. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് ടെന്റർ കുറവ് വരുത്താതെ കരാറുകാരന് തുക നൽകിയത് വഴി അധികം ചെലവഴിച്ച 485/- രൂപ ഓഡിറ്റ് അന്വേഷണത്തിന് വിധേയമായി രസീത് നം.3070236/15.12.2021 പ്രകാരം തിരികെ അടച്ചു.

1-22 ഗ്രന്ഥശാലകളുടെ ഉന്നമനത്തിനായി ഒന്നിലധികം പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രയോജനപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറികളുടെ പ്രവർത്തനം വളരെ പരിമിതമായ രീതിയിലാണ് നടക്കുന്നത്. നിലവിൽ പഞ്ചായത്തിന്റെ അധീനതയിൽ 05 ലൈബ്രറികളുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതിൽ ഒരെണ്ണം പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നതേയുള്ളു. 04 എണ്ണം മാത്രമാണ് ലൈബ്രേറിയനെ നിയമിച്ച് തുറന്ന് പ്രവർത്തിക്കുന്നത്. ഇത് തന്നെ വൈകുന്നേരങ്ങളിൽ മാത്രമാണ് തുറന്ന് പ്രവർത്തിക്കുന്നത്. ലൈബ്രേറിയൻമാർ മറ്റ് സമയങ്ങളിൽ പഞ്ചായത്തിലെ ജോലികളാണ് ചെയ്യുന്നത്. ഇത്രയും ഗ്രന്ഥശാലകൾ ഉണ്ടെങ്കിലും 1994 ലെ പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രന്ഥശാലകളുടെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങിയിട്ടില്ല . ഗ്രന്ഥശാലകളിൽ നിന്നും അംഗത്വ ഫീസ്, മാസവരി, ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ വരവുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈയിനങ്ങളിൽ പഞ്ചായത്തിൽ വരവുള്ളതായി കാണുന്നില്ല.

ഗ്രന്ഥശാലകളുടെ വികസനത്തിനായി വിവിധ പ്രോജക്റ്റുകൾ പ്രകാരം ഫർണ്ണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും അവയുടെ വിതരണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. - 169/21

പ്രോജക്റ്റിന്റെ പേര് - വിവിധ സാംസ്കാരിക നിലയങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങൽ
നിർവഹണം – സെക്രട്ടറി
ചെലവ് – 400000/- രൂപ, ട്രഷറി ബിൽ നം. 71/20-21/27-03-21

ഈ പ്രോജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബുക്ക് മാർക്കിൽ നിന്ന് ട്രഷറി ബിൽ നം. 71/27-03-21 പ്രകാരം 400000/- രൂപ പിൻവലിച്ച് 315 പേരുകളിലുള്ള 2089 പുസ്തകങ്ങൾ വാങ്ങി. ഇതിന്റെ സ്റ്റോക്ക് പരിശോധിച്ചതിൽ 2044 പുസ്തകങ്ങളേ സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. 1098 പുസ്തകങ്ങൾ 04 ലൈബ്രറികൾക്കായി വിതരണം ചെയ്തതായി കാണിക്കുന്നു. ലൈബ്രറികളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ പെരിങ്ങിലിപ്പുറം സാംസ്കാരിക നിലയം 245 പുസ്തകങ്ങൾ സ്റ്റോക്കിൽ ചേർത്തതായി കാണിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഈ ലൈബ്രറിക്ക് 272 പുസ്തകങ്ങൾ നല്കിയതായാണ് കാണിക്കുന്നത്. വേറെ 03 ലൈബ്രറിയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കിയെങ്കിലും ഇവയുടെ സ്റ്റോക്കിൽ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത പുസ്തകങ്ങളുടെ വിവരം ചേർത്തിട്ടില്ല. പുസ്തകങ്ങൾ നിലവിലും പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായാണ് ലൈബ്രേറിയൻ മറുപടി നല്കിയിട്ടുള്ളത്. മേൽ കാരണങ്ങളാൽ ചെലവ് തുക 4,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. പുസ്തകങ്ങൾ കൈപ്പറ്റിയ മുഴുവൻ ലൈബ്രറികളുടെയും അപേക്ഷ, കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 21/20-21-ന് നല്കിയ മറുപടിയിൽ പുസ്തകങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ചേർക്കുന്നതിൽ സംഭവിച്ച വീഴ്ച അടിയന്തിരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും, പഞ്ചായത്തിന്റെ സ്റ്റോക്കിൽ വന്ന വ്യതിയാനം പരിശോധിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

2) പ്രോജക്റ്റ് നം. - 169/21

പ്രോജക്റ്റിന്റെ പേര് - വിവിധ സാംസ്കാരിക നിലയങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ
നിർവഹണം – സെക്രട്ടറി
ചെലവ് – 156680/- രൂപ, ട്രഷറി ബിൽ നം. - 26/20-21/14-08-20

ഈ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ 13 റാക്ക്, 192 ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവനും സ്റ്റോക്കിൽ ചേർക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. സ്റ്റോക്കിൽ ഇനം തിരിച്ച് കസേര, റാക്ക് എന്നിവ ചേർത്തിട്ടില്ല. 08 സാംസ്കാരിക നിലയങ്ങളുടെ പേരുകൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും 06 എണ്ണം മാത്രമാണ് കൈപ്പറ്റിയതായി കാണുന്നത്. കസേര, റാക്ക് എന്നിങ്ങനെ ഇനം തിരിച്ച് സ്റ്റോക്കിൽ ചേർത്തിട്ടില്ല. എണ്ണം മാത്രമാണ് കാണിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിതരണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ലൈബ്രറിയുടെ പേര്	കൈപ്പറ്റിയ സാധനത്തിന്റെ എണ്ണം (ഏത് സാധനം എന്ന് ചേർത്തിട്ടില്ല.)
പെരിങ്ങിലിപ്പുറം സാംസ്കാരിക നിലയം	20
ആര്യഭട്ട, ഇലഞ്ഞിമേൽ	20
ജി.ബാലകൃഷ്ണപിള്ള സാംസ്കാരിക നിലയം, ഗ്രാമം	20

ശങ്കര നാരായണൻ തമ്പി സാംസ്കാരിക നിലയം, തയ്യൂർ	20
കെ.കെ. രാമ ചന്ദ്രൻ സ്മാരക സാംസ്കാരിക നിലയം	45
കൈരളി ഗ്രന്ഥശാല, എണ്ണക്കാട്	25

എത്ര വീതം റാക്ക്, കസേര എന്നിവ ഓരോ ഗ്രന്ഥശാലക്കും വിതരണം ചെയ്തു എന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് നൽകിയ മറുപടിയിൽ ഇവ കൂടാതെ ഇലഞ്ഞിമേൽ സാംസ്കാരിക നിലയം, കലാ പോഷിണി എന്നിവക്ക് 20 വീതം കസേരയും നല്കിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാം കൂടി കൂട്ടിയാൽ ആകെ 190 എണ്ണമെ ആകുന്നുള്ളൂ. ബാക്കിയുള്ള 02 എണ്ണത്തിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമല്ല. 13 റാക്കുകൾ ആർക്ക് നല്കിയെന്നതിന്റെയും വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ട്രഷറി ബിൽ നം. - 26/20-21/14-08-20 പ്രകാരം 156680/- രൂപ പിൻവലിച്ച് സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഗ്രന്ഥശാലകളിൽ നിന്നും അപേക്ഷ സ്വീകരിക്കാതെയാണ് ഫർണീച്ചർ വിതരണം ചെയ്തിരിക്കുന്നത്. മേൽ കാരണങ്ങളാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3) പ്രോജക്ട് നം. - 125/21

പ്രോജക്ടിന്റെ പേര് - ലൈബ്രറികൾക്ക് പോഡിയം വാങ്ങൽ
നിർവഹണം – സെക്രട്ടറി
ചെലവ് – 54000 രൂപ, ട്രഷറി ബിൽ നം . 01/20-21/17-04-20

ഈ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 02 പോഡിയം (Raptor Lectern Podium USB) വാങ്ങി ആര്യഭട്ട, കൈരളി ഗ്രന്ഥശാല എന്നീ ലൈബ്രറികൾക്ക് നല്കിയിട്ടുണ്ട്. ഈ ലൈബ്രറികൾ പഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറികളല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 21.ന് നൽകിയ വിശദീകരണത്തിൽ ഈ ഗ്രന്ഥശാലകൾ പ്രവർത്തനങ്ങളിൽ വളരെ മുന്നിട്ട് നിൽക്കുന്നതായാണ് പറഞ്ഞിട്ടുള്ളത്. പഞ്ചായത്തിന്റെ അധീനതയിൽ 05 ലൈബ്രറികളുണ്ടായിട്ടും അവക്ക് നല്കാതെ സ്വകാര്യ ലൈബ്രറികൾക്ക് ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്. മേൽ കാരണത്താൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. ട്രഷറി ബിൽ നം. 01/20-21/17-04-20 പ്രകാരം 54000/- രൂപ പിൻവലിച്ച് സാധനം സപ്ലൈ ചെയ്ത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് പദ്ധതിമാർഗ്ഗരേഖ സർക്കാർ ഉത്തരവ് കൈ നം. 11/2018/ത.സ്വ.ഭ.വ./29-01-2018 ഖണ്ഡിക 7.11 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതി മാർഗ്ഗ നിർദ്ദേശം പാലിച്ച് ലൈബ്രറികളുടെ പ്രവർത്തനം സജീവമാക്കുന്നതിനും ജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-23 മത്സ്യത്തൊഴിലാളികൾക്ക് സൈക്കിളും ഐസ് ബോക്സും പദ്ധതി - മത്സ്യത്തൊഴിലാളികളാണെന്ന രേഖകൾ സമർപ്പിക്കാത്തവർക്കും ആനുകൂല്യം നൽകിയിരിക്കുന്നു

പ്രോജക്ട് നം - 172/21

പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികൾക്ക് സൈക്കിളും ഐസ് ബോക്സും

ഈ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം. 56/20-21/12-01-21 പ്രകാരം 95928/- രൂപ പിൻവലിച്ച് 14 Crate, 14 സൈക്കിൾ എന്നിവ വാങ്ങി 14 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രളയ ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ചാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മത്സ്യത്തൊഴിലാളികളാണെന്ന രേഖകൾ സമർപ്പിച്ചിട്ടില്ലാത്തവർക്കും ആനുകൂല്യം നല്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	വാർഡ്	റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള ജോലി
രാജൻ, നിലവറശ്ശേരിൽ പടിഞ്ഞാറേതിൽ	14	കൂലി
എം.ജി.രാധാകൃഷ്ണൻ,	05	കൂലി

മാതാംപുറത്ത്		
കെ.പി.പ്രകാശ്, പാപ്പാടി പുത്തൻ പുരയിൽ	09	കൂലി
വിജയൻ.എ.ആർ, പൈനംതറയിൽ	09	കൂലി
ശ്രീകുമാർ, കൊച്ച് കിഴക്കേ തെക്കേതിൽ	05	കൂലി

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26 ന് നൽകിയ വിശദീകരണത്തിൽ ഗുണഭോക്താക്കൾ എല്ലാം തന്നെ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളല്ലായെന്നും അവർക്ക് കൂടി ആനുകൂല്യം നല്കുന്നതിനുള്ള അനുമതി തരണമെന്ന് കാണിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിന്മേൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24-06-2020 ലെ തീരുമാനം നം 4.43 (3) പ്രകാരം അനുമതി ലഭിച്ചതായി പറയുന്നു. മേൽ ഗുണഭോക്താക്കൾ നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-24 പഠനമുറി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. - 113/21

പ്രോജക്ടിന്റെ പേര് - എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണം - വി.ഇ.ഒ.

മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	വാർഡ്	ഇതുവരെ കൈപ്പറ്റിയ തുക
ഷീബ, മുട്ടത്തറയിൽ	08	100000
ഉഷാകുമാരി, നിധിൻ ഭവനം	14	150000
വനജ, കുമ്പള്ളൂർ	11	100000
റാണി ദേവമതി, താഴാം തറയിൽ	03	100000
പ്രീത. കെ, ഇടക്കേപ്പുരയിൽ	04	100000
വിശ്വനാഥൻ, കുന്നേൽ	08	100000
രാധ, കാട്ടുത്തറയിൽ	05	150000

മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തി സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.-34/20-21 ന് വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ ഉഷാകുമാരി, രാധ എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതായും പ്രളയം വന്ന് നാശനഷ്ടം ഉണ്ടായതിനാൽ ബാക്കിയുള്ള ഗുണഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കം പോയതായും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതാണെന്നും വി.ഇ.ഒ. മറുപടി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചവരുടെ പ്രവൃത്തിയുടെ വാല്യുവേഷൻ അവസാനഗഡു കൈപ്പറ്റിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 800000/- ലക്ഷം രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

ചെലവിന്റെ വിശദാംശം

ട്രഷറി ബിൽ നം.	തുക
01/20-21/11-04-2020	150000
02/20-21/11-04-2020	400000
03/20-21/11-04-2020	350000
04/20-21/11-04-2020	900000
14/20-21/10-08-2020	100000
20/20-21/09-11-2020	100000

1-25 ഓട്ടോറിക്ഷാ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

സ്വയം തൊഴിൽ പദ്ധതിക്കായി ഓട്ടോറിക്ഷാ വാങ്ങുന്നതിനായി വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി 03 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രളയ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01) മിക്ക ഗുണഭോക്താക്കളും പഴയ ഓട്ടോറിക്ഷയാണ് വാങ്ങിയിട്ടുള്ളത്.

02) ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ആനുകൂല്യം ആവശ്യപ്പെട്ടുള്ള ഗുണഭോക്താവിന്റെ അപേക്ഷ ഒട്ടുമിക്ക ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല.

03) പഴയ വാഹനം വാങ്ങിയത് സംബന്ധിച്ച വാഹന വില്പന കരാർ ഉടമ്പടി ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ വാഹനത്തിന്റെ വില എത്രയാണെന്ന് അറിയാൻ സാധിക്കുന്നില്ല.

04) 08 ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിന്റെയും ഉടമസ്ഥാവകാശം മാറ്റിയതിന്റെയും ആർ.സി ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ സമർപ്പിച്ചിട്ടില്ല.

അപാകതകൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്	ഗുണഭോക്താവിന്റെ പേര്	ഗുണഭോക്താവിന് നല്കിയ തുക	വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, വാഹനം നിർമ്മിച്ച വർഷം	ട്രഷറി ബിൽ നം. / ചെലവ് തുക	മറ്റ് അപാകതകൾ
144/21, ഷീ ഓട്ടോ	ജയലക്ഷ്മി, ഗോകുലം	83300	KL30B0864, 07/2011	31/20-21/ 10-03-21, തുക 83300	
	ആര്യ, പള്ളത്ത് ഹൗസ്	83300	KL30B9422,09/2012	40/20-21/ 20-03-21, തുക 166600	
146/21, ഓട്ടോ റിക്ഷാ വാങ്ങൽ (എസ്.സി .പി.)	വിജയപ്രകാശ്. സി, വാര്യം കുന്നേല്	85714	KL30E2232, 11/2015	38/20-21/20-03-21, തുക 257142	
	പ്രദീപ്.ജി, കേളൂർ വടക്കതിൽ	85714	KL30F5907, 10/2017		
	ശാന്തൻ.കെ.ആർ, കോളെപ്പള്ളത്ത് വീട്	85714	KL-30-9980, 04/2009	30/20-21/10-03-21 തുക 17142	എസ്.ശ്യാംകുമാർ, മണ്ണലേത്ത്പടിഞ്ഞാറേതിൽ എന്നയാളിന്റെ പേരിൽ 06-05-2009 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള KL-30-9980 എന്ന രജിസ്റ്റർ നമ്പരിലുള്ള ഗുഡ്സ് ഓട്ടോ ടിയാൾക്ക് കൈമാറിയതായുള്ള ഒരു രസീത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാഹനത്തിന്റെ ഉടമസ്ഥാവകാശം ടിയാൾക്ക് കൈമാറിയതിന്റെ (ആർ.സി.ബുക്കിന്റെ കോപ്പി) രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

	അജയൻ.പി.റ്റി, പൗവ്വേഴത്ത്	85714	KL04P0527 , 12/2003		
	കെ.കെ.സുപ്രൻ, കൈലാസം	85714	KL30C3712, 04/2013		ടി വാഹനം ഗുണഭോക്താവിന്റെ പേരിൽ 29-04-2013 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള താണ് . പദ്ധതിക്കാല യളവിൽ ഗുണഭോക്താവ് വാഹനം വാങ്ങിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.
145/21, ഓട്ടോ റിക്ഷാ വാങ്ങൽ (ജനറൽ)	വിനീഷ്. എം.എം, മനീഷ് ഭവനം	78125	05/2015, KL31H7976		ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പിയില്ല.
	ജോസ് ബേബി, ആശാൻ പറമ്പിൽ	78125	09/2020, KL30H9603		ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പിയില്ല.
	മോഹൻദാസ്.എം.കെ, മുളവനത്തറ കിഴക്കേതിൽ	78125	01/2016, KL27F2780		
	സണ്ണി, വാലുപറമ്പിൽ	78125	03/2014, KL30D1464		
	മനോജ്.ഇ.എൻ, ഒല്ലാശ്ശേരില്	78125	09/2011, KL23E2362		
	ബിജു.വി.കെ., വലിയപറമ്പിൽ	78125	01/2014, KL30C9817		ഗുണഭോക്താവിന്റെ പേരിൽ 15-03-2014 ൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ ആർ.സിബുക്കിന്റെ കോപ്പിയാണ് ഫയലിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്.പദ്ധതിക്കാല യളവിൽ ഗുണഭോക്താവ് വാഹനം വാങ്ങിയത് സംബന്ധിച്ച രേഖകൾ വാഹനം വാങ്ങിയ തിന്റെ രേഖകൾ ഫയലിൽ ഇല്ല.
	രാഹുൽ.ആർ., രാഹുൽ സദനം	78125	11/2018 , KL-31-N-284		ഗുണഭോക്താവിന്റെ പേരിൽ 08-02-2019 ൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ ആർ.സി ബുക്കിന്റെ കോപ്പിയാണ് ഫയലിൽ ഉൾപ്പെട്ട ത്തിയിരിക്കുന്നത്. പദ്ധതിക്കാലയളവിൽ ഗുണഭോക്താവ് വാഹനം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.
	സിബി സത്യരാജ്, സിബി ഭവനം	78125	10/2017, KL31M2949		
	അഖിൽ മനോജ്, ആതിര ഭവനം	78125			
	സജിത്ത്കുമാർ, പാവൂത്തറകറ്റിയിൽ	78125	06/2012, KL30B7318		
	ബാബുതോമസ്,	78125	10/2013,		

	പള്ളിപ്പറമ്പിൽ		KL30C7411		
	വിഷ്ണു.കെ., താണുവേലിക്കുറ്റിയിൽ	78125	05/2010, KL02AE7701		
	സുജിത്ത്, ചെറുവേലിത്തറ	78125			ആധാർ കാർഡിന്റെ കോപ്പി മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി, ആർ.സി ബുക്കിന്റെ കോപ്പി, റേഷൻ കാർഡിന്റെ കോപ്പി എന്നിവ ഫയലിൽ ഇല്ല.
	ജിജോ.റ്റി. പത്രോസ്, പുറന്തട തെക്കേതിൽ	78125	KL30J1698 01/2021		ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി ഇല്ല .
	ചന്ദ്രൻ നായർ. കെ,	78125	01/2013, KL-30C-2103		ഗുണഭോക്താവിന്റെ പേരിൽ 11-02-2013 ൽ രജിസ്റ്റർ ചെയ്ത വാഹന ത്തിന്റെആർ.സി ബുക്കിന്റെ കോപ്പി യാണ് ഫയലിൽ ഉൾപ്പെടുത്തിയിരി ക്കുന്നത് പദ്ധതിക്കാല യളവിൽ ഗുണഭോക്താവ് വാഹനം വാങ്ങിയ തിന്റെ രേഖകൾ ഇല്ല.
	സനിൽ.എസ്, വടക്കേപൊപ്പാടിയിൽ	78125			ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി, ആർ.സി ബുക്കിന്റെ കോപ്പി വാഹനം വാങ്ങിയതിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല
	അനിൽകുമാർ, മേൽപ്പറമ്പിൽ	78125			ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി, ആർ.സി ബുക്കിന്റെ കോപ്പി വാഹനം വാങ്ങിയ തിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല

പ്രളയബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടി പ്രോജക്റ്റിൽ ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം. 170/2019/ത.സ്വ.ഭ.വ./23-12-19) നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പ്രളയത്തിലൂടെ നഷ്ടപ്പെട്ട ജീവനോപാധിയുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധിമാർഗ്ഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധിമാർഗ്ഗമാണ് ആഗ്രഹിക്കുന്നതെങ്കിൽ ആയതിന്റെ വിശദാംശം എന്നീ കാര്യങ്ങൾ രേഖപ്പെടുത്തി ഗുണഭോക്താവിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല. മറ്റ് വകുപ്പുകൾ വഴി ആനുകൂല്യം കൈപ്പറ്റിയ പ്രളയബാധിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് യൂണിറ്റ് കോസ്റ്റിന്റെ 100% വരെ സബ്സിഡി അനുവദിക്കാവുന്നതാണെന്ന് മേൽ മാർഗ്ഗരേഖയിൽ വ്യക്തമായിട്ടുണ്ട്. വാഹന വില്പന കരാർ ഉടമ്പടിയുടെ അഭാവത്തിൽ ഗുണഭോക്താവിന് ചെലവായ തുകയെത്രയെന്നത് വ്യക്തമല്ലാത്തതിനാൽ സബ്സിഡി തുക എപ്രകാരമാണ് നിർണയിച്ചതെന്ന് വ്യക്തമാവുന്നില്ല. മേൽ അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 35, 37, 38) നല്കിയ മറുപടിയോടൊപ്പം മൊബൈൽ ആപ്പ് വഴി ലഭിച്ച 06 ഗുണഭോക്താക്കളുടെ വെഹിക്കിൾ ഇൻഫോർമേഷൻ ഡീറ്റയിൽസ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്ത തീയതി ലഭ്യമല്ലാത്തതിനാൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള 08 ഗുണഭോക്താക്കളുടെയും ആർ. സി.ബുക്കിന്റെ കോപ്പി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഗുണഭോക്താക്കൾ - ശാന്തൻ.കെ.ആർ, കെ.കെ.സുപ്രൻ, ബിജു. വി.കെ., രാഹുൽ.ആർ, സുജിത്ത്, ചന്ദ്രൻ നായർ. കെ,സനിൽ.എസ്, അനിൽകുമാർ). ടി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി ചെലവഴിച്ച 640178- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-26 കെയ്ക്കോക്ക് അധികമായി തുക അനുവദിച്ചു

പ്രോജക്ട് നം. 199

പേര് – സുഭിക്ഷ കേരളം – കിഴങ്ങു കൃഷി പ്രോത്സാഹനം

അടങ്കൽ - 80000

ചെലവ് - 80000

ബിൽ നം. 06/20-21/15.01.21

2020-21 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ സുഭിക്ഷ കേരളം – കിഴങ്ങു കൃഷി പ്രോത്സാഹനം എന്ന പദ്ധതിയ്ക്കായി കെയ്ക്കോ ഡിവിഷണൽ ഓഫീസ്, തിരുവല്ലയിൽ നിന്നും ഇൻവോയിസ് നം. V-137 A/20-21 03.08.2020 പ്രകാരം 1142.86 കിലോ ചേമ്പ് 70/- രൂപ നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഫയലിലും, ട്രഷറി ബിൽ ബുക്കിലും വാങ്ങിയത് ചെറു ചേമ്പ് (കൊച്ചു ചേമ്പ്) എന്ന് പ്രത്യേകം എഴുതിയിട്ടുണ്ട്. വാങ്ങിയ ചേമ്പ് സ്റ്റോക്ക് എൻട്രി വരുത്തിയിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ വോള്യം -5 പേജ് 36 ലും 1142.86 കിലോ കൊച്ചു ചേമ്പ് എന്ന് തന്നെയാണ് എഴുതിയിട്ടുള്ളത്.

ചേമ്പ് വാങ്ങിയിട്ടുള്ളത് ഓഗസ്റ്റ് മാസത്തിലാണ്. കേരളത്തിലെ കൃഷി രീതികൾ പ്രകാരം ഇക്കാലത്ത് ചെറു ചേമ്പ് (കൊച്ചു ചേമ്പ്) ആണ് നടാറുള്ളത്.

13-ാം പഞ്ചവത്സര പദ്ധതി-2020-21 വർഷത്തെ ജില്ലാ തല ആസൂത്രണ സമിതിയുടെ അംഗീകൃത ജില്ലാ തല യൂണിറ്റ് കോസ്റ്റ് പ്രകാരം ചെറു ചേമ്പിന് ഒരു കിലോഗ്രാമിന്റെ വില 35/- രൂപയാണ്. ഇപ്രകാരം 1142.86 കിലോ ചേമ്പിന് നല്കാവുന്ന തുക 40000/- രൂപയാണ്. എന്നാൽ 80000/-രൂപയാണ് നല്കിയിട്ടുള്ളത്.

അധികമായി തുക കെയ്ക്കോക്ക് അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.5/20-21/04.12.21 ന് ഫയലിന്റെ മുഖ പത്രത്തിലും, ട്രഷറി ബിൽ ബുക്കിലും പദ്ധതി തിരിച്ചറിയുവാൻ വേണ്ടി മാത്രമാണ് കൊച്ചു ചേമ്പ് എന്ന് എഴുതിയതെന്നും ഫയൽ ഓഡിറ്റിനുവേണ്ടി അടുക്കിക്കെട്ടിയപ്പോൾ വന്ന പാകപ്പിഴയാണെന്നും മറുപടി നല്കി.

പദ്ധതി ഫയലിലും, ട്രഷറി ബിൽ ബുക്കിലും, സ്റ്റോക്ക് രജിസ്റ്ററിലും ഒരേ രീതിയിയിൽ ആവർത്തിച്ച് കൊച്ചു ചേമ്പ് എന്ന് എഴുതിയത് പദ്ധതി തിരിച്ചറിയുവാൻ വേണ്ടി മാത്രമാണെന്നും ഫയൽ ഓഡിറ്റിനുവേണ്ടി അടുക്കിക്കെട്ടിയപ്പോൾ വന്ന പാകപ്പിഴയാണെന്നും കരുതാനാവില്ല. വാങ്ങി സ്റ്റോക്ക് എൻട്രി വരുത്തിയത് കൊച്ചു ചേമ്പ് തന്നെ ആയതു കൊണ്ടാണ് ഇപ്രകാരം ഒരേ രീതിയിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല. അധികമായി ചെലവഴിച്ച 40000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

കെയ്ക്കോക്ക് അധികമായി നല്കിയ തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടയ്ക്കേണ്ടതാണ്. വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(രേഖകളുടെ പകർപ്പ് തെളിവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്)

1-27 കിടാരി വാങ്ങൽ, ആട് വാങ്ങൽ പദ്ധതികൾ - വാങ്ങിയ ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല

2020-21 ൽ വെറ്ററിനറി സർജൻ പ്രളയ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളാണ് കിടാരി വാങ്ങൽ – ജനറൽ/എസ്.സി, ആട് വാങ്ങൽ-ജനറൽ/എസ്.സി എന്നിവ. എന്നാൽ ഈ പദ്ധതികളിലൊന്നും വാങ്ങിയ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെയും ജനറൽ പദ്ധതികളിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം ഉരുക്കളെ വാങ്ങിയ സ്ഥാപനത്തിന് നല്കിയതിന്റെയും രേഖകൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്താതെയാണ് ഓഡിറ്റിനായി നല്കിയത്. പ്രോജക്ടുകളുടെ വിവരം ചുവടെചേർക്കുന്നു.

1. പ്രോജക്ട് നം. -178/20-21

പേര് – കിടാരി വാങ്ങൽ

അടങ്കൽ – 700000 (വികസന ഫണ്ട് ജനറൽ)

140000 (ഗുണഭോക്തൃവിഹിതം)

ചെലവ് – 700000 (വികസന ഫണ്ട് ജനറൽ)

ബിൽ നം.(1)P5/20-21/12.3.21-180000

(2)P6/20-21/12.3.21-290000

(3)P10/20-21/27.3.21-90000

(4)P13/20-21/31.3.21-40000

(5)P15/20-21/31.3.21-100000

കിടാരി വാങ്ങൽ പദ്ധതി പ്രകാരം 70 പോത്തുകുട്ടികളെ വാങ്ങിയിട്ടുള്ളതായി വെറ്ററിനറി സർജന്റെ 30.03.21 ലെ 73/21 നമ്പർ നടപടിക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാങ്ങിയ പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുള്ളതായും ഇതിൽ പരാമർശമുണ്ട്.

പ്രോജക്ട് രേഖകൾ പ്രകാരം ബിൽ നമ്പർ P6/20-21/12.3.21 പ്രകാരം പിൻവലിച്ച 290000/- ബിൽ നമ്പർ P10/20-21/27.3.21 പ്രകാരം പിൻവലിച്ച 90000/- ബിൽ നമ്പർ P13/20-21/31.3.21 പ്രകാരം പിൻവലിച്ച 40000/- എന്നിവ മരിയ ഗോട്ട് ഫാം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ബില്ല്, കൈപ്പറ്റ് രസീത് എന്നീ അനുബന്ധ രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

2. പ്രോജക്ട് നം. – 180/20-21

പേര് – ആട് വാങ്ങൽ

അടങ്കൽ – 660000 (വികസന ഫണ്ട് ജനറൽ)

2400 (തനതു ഫണ്ട്)

165600 (ഗുണഭോക്തൃവിഹിതം)

ചെലവ് – 395600 (വിഫ .ജനറൽ)

ബിൽ നം.(1) P3/20-21/14.3.21-73600

(2) P14/20-21/31.3.21-322000

ആട് വാങ്ങൽ പദ്ധതി പ്രകാരം മരിയ ഗോട്ട് ഫാം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് P14/20-21/31.3.21 പ്രകാരം പിൻവലിച്ച 322000/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയലിൽ സ്ഥാപനത്തിന്റെ ബില്ല്, കൈപ്പറ്റ് രസീത് എന്നീ അനുബന്ധ രേഖകൾ ചേർത്തിട്ടില്ല.

3.മേൽ പരാമർശിത പദ്ധതികൾ കൂടാതെ പ്രോജക്ട് നമ്പർ 179/20-21 പ്രകാരം കിടാരി വാങ്ങൽ (എസ്.സി.പി), പ്രോജക്ട് നമ്പർ 181/20-21 പ്രകാരം ആട് വാങ്ങൽ (എസ്.സി.പി) എന്നീ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളിലൊന്നും വാങ്ങിയ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെയും ഗുണഭോക്തൃ വിഹിതം നല്കിയതിന്റെയും രേഖകൾ പ്രോജക്ട് ഫയലിൽ ഇല്ല.

ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെയും ഗുണഭോക്തൃ വിഹിതം അടച്ചതിന്റെയും രേഖ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.11/20-21/09.12.21 നല്കിയതിന് ഉരുക്കളെ ഇൻഷ്വർ ചെയ്യണമെന്ന് പദ്ധതിയിൽ പറഞ്ഞിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയത്. എസ്.സി വിഭാഗത്തിന് നല്കിയ ആട്ടുകളെ മാത്രം ഇൻഷ്വർ ചെയ്തതിന്റെ ഏതാനും രേഖകളും ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് നല്കിയതിന്റെ രേഖകളും ഹാജരാക്കി. ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിനു വേണ്ടിയാണ് ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട് എന്ന് നടപടിക്രമത്തിൽ എഴുതിയിട്ടുള്ളതെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ പരാതി/വിവരാവകാശ രേഖകൾ പരിശോധിച്ചതിൽ നിരവധി ഗുണഭോക്താക്കൾ അവർക്ക് ലഭിച്ച ഉരുക്കൾ ചത്തു പോയതിനെ സംബന്ധിച്ച പരാതിയും പദ്ധതി നടത്തിപ്പിന്റെ സുതാര്യത അറിയുവാൻ വിവരാവകാശവും നല്കിയതായും കണ്ടു. വിവരാവകാശത്തിനു നിർവ്വഹണ ഉദ്യോഗസ്ഥ നല്കിയ മറുപടിയിൽ ജനറൽ വിഭാഗത്തിനു വാങ്ങിയ 18 ആട്ടുകൾ ചത്തു പോയിട്ടുള്ളതായി പറഞ്ഞിട്ടുണ്ട്.
പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിൽ മൃഗ സംരക്ഷണം ക്ഷീര വികസനം എന്നിവ പരാമർശിക്കുന്ന ഖണ്ഡിക 6.2 നുള്ള കുറിപ്പ് 1 ൽ ഇൻഷ്വറൻസിനുള്ള തുക ഗുണഭോക്താക്കൾ വഹിക്കണം എന്ന് നിർദ്ദേശമുണ്ട്. ഗുണഭോക്താക്കൾ ഇൻഷ്വറൻസ് എടുക്കാതിരുന്നതിന് കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥ നല്കിയ മറുപടി, ഏതാനും ഗുണഭോക്താക്കൾ കിടാരി വാങ്ങൽ പദ്ധതിയിൽ വാങ്ങിയ പോത്തു കുട്ടികളെ ഇൻഷ്വർ ചെയ്യുവാനുള്ള 600/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയെ ഏൽപ്പിച്ചുവെന്നും പിന്നീട് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് അത് തിരികെ ഗുണഭോക്താക്കൾക്ക് നൽകേണ്ട സാഹചര്യവും ഉണ്ടായി എന്നുമാണ്.

പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് വേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണത്തിൽ പഞ്ചായത്തും നിർവ്വഹണ ഉദ്യോഗസ്ഥയും തികച്ചും ഉദാസീനമായ നിലപാടാണ് സ്വീകരിച്ചത്. ഇൻഷ്വറൻസിന്റെ അഭാവത്തിൽ ഗുണഭോക്താക്കൾക്കുണ്ടായ നഷ്ടം നികത്തുവാൻ മാർഗ്ഗം ഇല്ലാതായി എന്നു മാത്രമല്ല ഗുണമേന്മ കുറഞ്ഞ ഉരുക്കളെ വിറ്റ

സ്ഥാപനത്തിൽ നിന്നും അവർക്ക് കൊടുത്ത വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ തിരികെ ഈടാക്കിയതിന്റെയോ പകരം ഉരുക്കളെ വാങ്ങി നല്കിയതായോ ഉള്ള രേഖകളില്ല. പദ്ധതി നിർവ്വഹണം സുതാര്യവും ജനോപകാരപ്രദവും ആകുവാൻ അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-28 ദുരിതാശ്വാസ നിധി -ചട്ടങ്ങൾ പാലിച്ചില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി എ.ഡി.സി.ബിയുടെ എണ്ണയ്ക്കാട് ശാഖയിൽ 40361101000003 നമ്പർ ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. എന്നാൽ 2020-21 വർഷം നിർദ്ധനരായ കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് സൗകര്യം ഒരുക്കുന്നതിനായി ടി.വി വാങ്ങി നൽകുന്നതിന് കെ.എസ്.എഫ്.ഇ യിൽ നിന്ന് ലഭിച്ച 740000/-രൂപ രൂപ സ്പോൺസർഷിപ്പ് വഴി നിരവധി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സംഭാവനകളും ഉൾപ്പടെ 894000/- രൂപ ദുരിതാശ്വാസ നിധിയിലാണ് നിക്ഷേപിച്ച് ചെലവഴിച്ചിരുന്നത്. ഇപ്രകാരം ദുരിതാശ്വാസ നിധി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ലാത്ത ഇനങ്ങൾ പ്രസ്തുത നിധിയിൽ നിക്ഷേപിച്ച് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ കോവിഡ് 19 ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയായതിനാലാണ് സ്പോൺസർഷിപ്പിലൂടെയും കെ.എസ്.എഫ്. ഇ യിൽ നിന്നുമായി ലഭിച്ച തുക ദുരിതാശ്വാസനിധിയിൽ നിക്ഷേപിച്ച് ചെലവഴിച്ചത് എന്ന് മറുപടി നൽകിയിരിക്കുന്നു. ചട്ടങ്ങളിൽ നിർദ്ദേശിച്ചത് പ്രകാരം മാത്രം തുക നിക്ഷേപിക്കുന്നതിനും ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-29 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

2020-21 സാമ്പത്തികവർഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിന് "കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അലോപ്പതി മെഡിക്കൽ ഓഫീസർ മുൻകൂറായി തുക നല്കി. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ	മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക	ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി	ലഭിച്ച മരുന്നിന്റെ വില	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
16/2020-21	പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ.	3,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)	07/2020-21 തീ.16.01.2021	0	3,00,000

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപനവുമായി അധികൃതരുമായി സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നുവാങ്ങൽ- മുൻകൂർ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല

2020-21 സാമ്പത്തികവർഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിന് "കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നല്കി. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ	മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക	ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി	ലഭിച്ച മരുന്നിന്റെ വില	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
10/2020-21	പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ.	92,482 (വികസനഫണ്ട് (പൊതുവിഭാഗം)	11/2020-21 തീ.22.03.2021	0	92,482

ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള പാലിയേറ്റീവ് രോഗികൾക്ക് സമയബന്ധിതമായി മരുന്ന് നൽകാൻ കഴിയാതെ വന്നാൽ ദൈനംദിന ഹോം കെയർ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. തുടർച്ചയായി മരുന്നു കഴിച്ചുകൊണ്ടിരിക്കുന്ന രോഗികൾക്കുള്ള മരുന്നുകൾ നൽകാൻ കഴിയാതെ വരുന്നു. മരുന്നുകളുടെ അഭാവം പദ്ധതി പ്രവർത്തനങ്ങളെ വിപരീതമായി ബാധിക്കുന്നു. ഇത്തരം ഒരു അവസ്ഥ തീർത്തും ഒഴിവാക്കേണ്ടതാണ്. ആയതിനാൽ അടിയന്തിരമായി മരുന്നു ലഭ്യമാക്കുന്നതിനു ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ കൂടി അനിവാര്യമാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 വാഹനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നില്ല

വാഹനവുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക്, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. മെയിന്റനൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. വാഹനവുമായി ബന്ധപ്പെട്ട് ജി.ഒ.പി.നം.161/2006/ഫിൻ/ 31-03-2006 പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കുന്നില്ല. ഇതിൽ വാഹനത്തിന്റെ തരം, മോഡൽ, രജി.നമ്പർ, എൻജിൻ സ്പെസിഫിക്കേഷൻ, ഫ്ളൂയിഡ് സ്പെസിഫിക്കേഷൻ, ഓഫീസർ ഇൻ ചാർജ്ജ് ഓഫ് വെഹിക്കിൾ, ഇൻഷുറൻസ് പോളിസി ഡീറ്റെയിൽസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, മന്തിലി ലോഗ് ബുക്ക് സമ്മറി, റിപ്പയർ ആന്റ് മെയിന്റനൻസ് ഡീറ്റെയിൽസ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 09/21 ന് നല്കിയ മറുപടിയിൽ അവസാനം ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ തീയതി 09-12-21 നാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ലോഗ്ബുക്കിൽ ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച നടപടിക്രമങ്ങൾ ശരിയായ രീതിയിൽ നിർവഹിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-32 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് നിരീക്ഷിക്കണം

പ്രോജക്ട് നം. – 129/21

പേര് - കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട്

അടങ്കൽ – 300000

ചെലവ് – 300000

ബിൽ നം. – 2/16.04.20

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 16.03.2020 ലെ 2(6) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചൈതന്യ ക്യാന്റീൻ, സമ്പൂർണ്ണ ക്യാന്റീൻ എന്നീ വനിതാ കാറ്ററിംഗ് യൂണിറ്റുകൾക്ക് 150000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നല്കിയിട്ടുണ്ട്.

കോവിഡ് - 19 വ്യാപകമായ സാഹചര്യത്തിൽ വേണ്ടത്ര വരുമാനം ലഭിക്കാത്തതിനാൽ തിരിച്ചടവിനുള്ള കാലയളവ് 4 മാസത്തേക്ക് നീട്ടിത്തരണമെന്ന് കാണിച്ച് സമ്പൂർണ്ണ ക്യാന്റീൻ 19.08.2020 ലും തുടർന്ന് സംരംഭം താല്ക്കാലികമായി നിർത്തുകയാണെന്ന് കാണിച്ച് 30.10.2020ലും അപേക്ഷ സമർപ്പിച്ചിരുന്നു.

ക്യാന്റീനുകളുടെ പ്രവർത്തനവും റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.01/20-21/02.12.21 ന് നല്കിയ മറുപടിയിൽ ചൈതന്യ ക്യാന്റീൻ കോവിഡ് കാലയളവിലും തുടർന്നും ജനകീയ

ഹോട്ടലായി പ്രവർത്തിക്കുന്നുണ്ടെന്നും റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് ആരംഭിച്ചിട്ടുണ്ടെന്നും, കമ്മ്യൂണിറ്റി കിച്ചനായി പ്രവർത്തിച്ചു വന്ന സമ്പൂർണ്ണ ക്യാന്റീൻ നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് കൃത്യമായി പാലിക്കുന്നുണ്ട് എന്നും അറിയിച്ചു.

പ്രവർത്തനം നിലച്ച സമ്പൂർണ്ണ ക്യാന്റീൻ അവർ കൈപ്പറ്റിയ തുക തവണകളായി തിരികെ അടയ്ക്കുന്നത് അംഗീകരിയ്ക്കുന്നു. എന്നാൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല എന്നും താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ് എന്നും സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉള്ളതിനാൽ ലഭിച്ച തുക വിനിയോഗിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ അവർക്ക് നിർദ്ദേശം നൽകേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ തുകയുടെ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

<u>1-33 തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന അവശേഷിക്കുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഓ (എണ്ണയ്ക്കാട് സർക്കിൾ)

പരമ്പരാഗത തൊഴിലുകാർക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്റ്റ് (നം. S0137/20) പ്രകാരം പ്രളയ ഫണ്ട് ചെലവഴിച്ച് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സിഡ്കോയിൽ നിന്ന് പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനായി ആകെ 1000000/- രൂപ (ബിൽ നം.27/22.3.2021-421625, 28/22.3.2020-99000, 29/22.3.2020-474375രൂപ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളിൽ ഏതാനും ചിലത് വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വാങ്ങിയ എണ്ണം	നിരക്ക് (ജി എസ്റ്റി ഒഴികെ)	വിതരണം ചെയ്തിട്ടില്ലാത്തവയുടെ വിവിരം	വിതരണം ചെയ്തിട്ടില്ലാത്തവയുടെ വില
ഹാർഡ് പ്ളെയിനർ കാർപ്പന്റർ	25	3950		
സാന്റർ കാർപ്പന്റർ	25	3600		
പുട്ടി മിക്സർ പെയിന്റർ	25	5100	3	3x5100 = 15300
റോട്ടറി ഹാമ്മർ ഇലക്ട്രിഷ്യൻ	20	9500		
മാർബിൾ കട്ടർ മേസ്തി	39	3000	2	2x3000 = 6000
സ്പിരിട്ട് ലെവൽ മേസ്തി	39	480	2	2x480 = 960
മെറ്റൽ ടേപ്പ് 5 മീ മേസ്തി	39	130	2	260
കരണ്ടി സെറ്റ് 3 മേസ്തി	39	680	2	1360
സിസ്സേഴ്സ് സെറ്റ് ഓഫ് 3 ബാർബർ	11	1700	3	5100
ക്നൈഫ് സെറ്റ് ഓഫ് 3 ബാർബർ	11`	1200	3	3600
പപ്പടം മേക്കർ മിക്സർ ഗ്രൈന്റർ	8	6500	1	6500

ഉപകരണങ്ങൾ വിതരണം പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്ന തിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(36/17.12.21) ലഭ്യമാക്കിയ മറുപടിയിൽ ജീവനോപാധി എന്ന നിലയിലാണ് ഉപകരണങ്ങൾ വിതരണം ചെയ്തതെന്നും അപേക്ഷകരെ വിവരം അറിയിച്ചുവെങ്കിലും കോവിഡ്, പ്രളയം എന്നിവ മൂലം പലർക്കും ഉപകരണങ്ങൾ വാങ്ങാൻ സാധിച്ചിരുന്നില്ല എന്നും ഉപകരണങ്ങൾ ഉടനെ വിതരണം ചെയ്യുന്നതാണ് എന്നും

മറുപടി നൽകി. അതിനാൽ വിതരണം ചെയ്തിട്ടില്ലാത്ത ഉപകരണങ്ങളുടെ ആകെ വിലയായ 46114/-രൂപ(39080/- +7034(GST)) രൂപ തടസ്സപ്പെടുത്തുന്നു.

1-34 തയ്യൽ യൂണിറ്റിനായി പദ്ധതി രൂപീകരിച്ച ശേഷം വ്യക്തിഗത പ്രോജക്ടായി നടപ്പാക്കി

പ്രോജക്ട് നം. – 174/21

പേര് – തയ്യൽ യൂണിറ്റ്

അടങ്കൽ – 500000

ചെലവ് – 494550/-

ബിൽ നം. – 9/26.02.21

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട വനിതകൾക്ക് വരുമാനം ലഭിക്കുവാൻ ലക്ഷ്യമിട്ട് 5 അംഗങ്ങൾ വീതമുള്ള 18 തയ്യൽ യൂണിറ്റുകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പദ്ധതി.

കോവിഡ് കാലത്ത് സാമൂഹ്യ അകലം പാലിച്ച് ഗ്രൂപ്പായി പ്രവർത്തിക്കുവാൻ ബുദ്ധിമുട്ടായതിനാൽ വ്യക്തിഗതമായി പ്രോജക്ട് നടപ്പാക്കാൻ പഞ്ചായത്ത് നല്കിയ അപേക്ഷയെ തുടർന്ന് വികേന്ദ്രീകൃത ആസൂത്രണ സമിതിയുടെ 12.08.2020 തീയതിയിലെ 4.60 നമ്പർ തീരുമാന പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ തയ്യൽ മെഷീൻ നല്കുവാനും എന്നാൽ സാമൂഹ്യ അകലം പാലിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ ഓരോരുത്തരും വീട്ടിലിരുന്ന് ജോലി ചെയ്യുന്ന രീതി പരിഗണിക്കണം എന്നും ഉത്തരവായി.

അസിസ്റ്റന്റ് സെക്രട്ടറി തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വ്യക്തിഗതമായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 90 തയ്യൽ മെഷീൻ വാങ്ങിയ ചങ്ങനാശ്ശേരിയിലുള്ള പി.ടി.ചാക്കോ & കമ്പനി എന്ന സ്ഥാപനത്തിൽ നിന്നും 5495/- രൂപ നിരക്കിൽ 07.09.2020 ലെ 1(6) ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ 90 തയ്യൽ മെഷീനുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗ രേഖയിൽ ഉൾപ്പെട്ടതോ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുകയോ ചെയ്തിട്ടുള്ള ഉപകരണമല്ല തയ്യൽ മെഷീൻ. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 500000/- രൂപ അടങ്കലുള്ള പദ്ധതിയായിട്ടും ഇതിനായി ടെൻഡർ ക്ഷണിച്ചില്ല.

2. തയ്യൽ യൂണിറ്റായി പ്രവർത്തിക്കുവാനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും അതിനായുള്ള ഉപകരണങ്ങൾ അല്ല വാങ്ങിയിട്ടുള്ളത്. സാധാരണ ഉപയോഗത്തിനുള്ള തയ്യൽ മെഷീനാണ് വാങ്ങിയിട്ടുള്ളത്.

3. പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് കൈത്താങ്ങ് എന്ന രീതിയിൽ നടപ്പാക്കുന്ന പദ്ധതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ലെ 4.50 തീരുമാന പ്രകാരം താല്ക്കാലിക ക്രമീകരണം എന്ന രീതിയിൽ നൂതന പ്രോജക്ടായി ആസൂത്രണം ചെയ്യാവുന്നതും, യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സ.ഉ(സാധാ)നം 400/2020/തസ്വഭവ/17.02.2020 ലെ ഖണ്ഡിക നമ്പർ 5 ലെ വ്യവസ്ഥ പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രളയ ബാധിതരായി അംഗീകരിച്ചവർക്ക് മാത്രം ജീവനോപാധികൾ നല്കാവുന്നതുമാണ്. എന്നാൽ പദ്ധതി നൂതന പ്രോജക്ടായി അംഗീകരിച്ചതായി രേഖയില്ല. കൂടാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയാണ്.

ടെൻഡർ നടപടികൾ പാലിക്കാതെ തയ്യൽ മെഷീൻ വാങ്ങൽ നടത്തിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.1/20-21/02.12.21 ന് മൂന്നു മാസ കാലയളവിനുള്ളിൽ വ്യക്തിഗത തയ്യൽ മെഷീൻ വാങ്ങൽ പദ്ധതിക്കായി ഇതേ സ്പെസിഫിക്കേഷൻ ഉള്ള തയ്യൽ മെഷീൻ ടെൻഡർ ക്ഷണിച്ച് വാങ്ങിയതിനാൽ വീണ്ടും അതേ സ്പെസിഫിക്കേഷനുള്ള തയ്യൽ മെഷീൻ വാങ്ങുന്നതു ടെൻഡർ പരസ്യ ഇനത്തിൽ അധിക ചെലവിനും ഗുണഭോക്താക്കൾക്ക് ആനുകൂല്യം കിട്ടുന്നതിന് ഉള്ള കാലതാമസവും കണക്കിലെടുത്താണ് വീണ്ടും ടെൻഡർ ക്ഷണിക്കുന്നത് ഒഴിവാക്കിയതെന്ന് മറുപടി നല്കി.

വളരെ അധികം ഇളവുകളോടു കൂടിയാണ് പ്രളയദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളുടെ നിർവ്വഹണത്തിനുള്ള ഉപാധികൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നിലവിലുള്ള ഉത്തരവുകളെ മറികടക്കുവാൻ അതിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

താല്ക്കാലിക ക്രമീകരണം എന്ന നിലയിലാണ് വ്യക്തിഗതമായി തയ്യൽ മെഷീനുകൾ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുള്ളതെന്നതിനാൽ തയ്യൽ മെഷീൻ കൈപ്പറ്റിയ 18 ഗ്രൂപ്പുകളും യൂണിറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. വാങ്ങലുകളിൽ ടെൻഡർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-35 ലൈഫ് ഭവന പദ്ധതി

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും വീട് ലഭ്യമാക്കുക, മുൻകാലങ്ങളിൽ സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുക, വീടുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക, പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് ലഭ്യമാക്കുക എന്നിവ ലൈഫ് ഭവന പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ചിലതാണ്. 2020-21 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ. ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം		തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം		മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം	
	ജനറൽ	എസ്.സി.	ജനറൽ	എസ്.സി.	ജനറൽ	എസ്.സി.
2020 -21	05	02	05	01	10	02

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

വർഷം	പദ്ധതി വിഹിതം	ബ്ലോക് വിഹിതം	ജില്ലാ വിഹിതം	ലോൺ	സ്റ്റേറ്റ് വിഹിതം	ആകെ
2020-21	3157500	1340000	960000	-	-	5457500

1-36 അഗതി രഹിത കേരളം പദ്ധതി

ബുധനൂർ ഗ്രാമ പഞ്ചായത്ത് സി.ഡി.എസ് മുഖേന നടത്തപ്പെടുന്ന അഗതി ആശ്രയ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 47 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 99 ഗുണഭോക്താക്കളുമായി ആകെ 146 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. പിന്നീട് ഈ പദ്ധതി അഗതി രഹിത കേരളം എന്ന് പുനർ നാമകരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ചു. അഗതി രഹിത കേരളം പദ്ധതിയിൽ നിലവിൽ 256 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ അനുഭവിയ്ക്കുന്നു.

1. **പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു**

ഘട്ടം	വകയിരുത്തിയത്	ചെലവഴിച്ചത്
ഒന്നാം ഘട്ടം		
പഞ്ചായത്ത് പ്ലാൻ ഫണ്ട്	1000000	1000000
ചലഞ്ച് ഫണ്ട്	1500000	1500000
ജില്ലാ മിഷൻ ഫണ്ട്	250000	250000
രണ്ടാം ഘട്ടം		
പഞ്ചായത്ത് പ്ലാൻ ഫണ്ട്	200000	200000

ചലഞ്ച് ഫണ്ട്	649766	649766
ജില്ലാ മിഷൻ ഫണ്ട്	1500000	1500000
അഗതി രഹിത കേരളം		
പഞ്ചായത്ത് പ്ലാൻ ഫണ്ട്	50000	50000
ചലഞ്ച് ഫണ്ട്	1479923	1277538
ജില്ലാ മിഷൻ ഫണ്ട്	0	0

2. അഗതികൾക്ക് കൈത്താങ്ങാകുന്ന പദ്ധതികൾ

2019-20, 2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ പതിനൊന്നാം വാർഡിൽ ലതാകുമാരി പാപ്പാടിയിൽ എന്ന ആശ്രയ ഗുണഭോക്താവിന് ചലചരക്ക് കട (പ്രോജക്ട് നം.54/19-20) നടത്തുന്നതിന് 50000/ രൂപയും, എട്ടാം വാർഡിൽ വത്സല, കളപ്പുരയിൽ എന്ന ആശ്രയ ഗുണഭോക്താവിന് തുണിക്കച്ചവടം നടത്തുന്നതിന് 50000/- രൂപയും അനുവദിച്ചു. ആശ്രയ ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പര്യാപ്തമായ ഇത്തരം മാതൃകാപരമായ പദ്ധതികൾ തുടരേണ്ടതാണ്.

3. ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിനു വേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും അഗതി രഹിത കേരളം പദ്ധതിയിൽ 2020-21 ൽ ഉമാദേവി അന്തർജനം എന്ന ഗുണഭോക്താവിന് ചികിത്സാ സഹായം നല്കിയതൊഴികെ മറ്റ് ചികിൽസാ സഹായം ലഭിക്കുന്നില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

4.വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം

ആശ്രയപദ്ധതി മോണിറ്ററിംഗിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള സമിതി ആശ്രയപ്രോജക്ടുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമിതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ് എന്നും നിബന്ധനയുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20, 2020-21 കാലയളവിൽ ഒരു തവണ മാത്രമാണ് (27.09.2019) വിലയിരുത്തൽ സമിതിയുടെ യോഗം നടത്തിയിട്ടുള്ളത്. പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ ഇതുവരേയും യോഗം വിളിച്ചു കൂട്ടിയിട്ടില്ല. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-37 നിരവധി കെട്ടിടങ്ങൾ നിഷ്ക്രിയാസ്തികളാകുന്നു

സാംസ്കാരിക നിലയങ്ങൾ, പകൽവീട് മുതലായി നിരവധി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും വേണ്ടവിധം ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ അവ നിഷ്ക്രിയാസ്തികളായി മാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാപഞ്ചായത്ത് നിർമ്മിച്ച് കൈമാറിയ തയ്യൂർ പകൽവീടിന്റെ പ്രവർത്തനം ഇപ്പോഴും കാര്യക്ഷമമല്ല. ഈ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിലവിൽ ടി കെട്ടിടം ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്നുവെന്നും ജില്ലാപഞ്ചായത്തിന്റെ സായംപ്രഭാ ഹോം എന്ന പദ്ധതിക്കായി ടി കെട്ടിടം തെരഞ്ഞെടുത്തു എന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ടി കെട്ടിടം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 സാംസ്കാരിക കേന്ദ്രങ്ങൾ വായനശാലകളായി പ്രവർത്തിക്കുന്നു. എന്നാൽ ഈ വായനശാലകൾ കൃത്യമായി തുറന്ന് പ്രവർത്തിക്കുകയോ പുസ്തക വിതരണങ്ങൾ കാര്യക്ഷമമാക്കുകയോ ചെയ്തിട്ടില്ല. സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ഓഡിറ്റ് വർഷം ഉളുന്തി വനിതാ വികസന കേന്ദ്രം പ്രോജക്ട് പ്രകാരം വനിതാ വികസന കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതിനാൽ നിലവിൽ കെട്ടിടം പ്രവർത്തനക്ഷമമല്ല. പ്രസ്തുത വനിതാവികസന കേന്ദ്രത്തിന്റെ നിർമ്മാണ ഉദ്ദേശ്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/15.12.2021) ഉളുന്തി പ്രദേശത്ത് പി.എച്ച്.സി.യുടെ സബ്സെന്റർ ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന്

ഭരണസമിതിയോഗം തീരുമാനിച്ചിട്ടുണ്ടെന്നും കെട്ടിടം ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. വനിതകളുടെ വികസന പ്രവർത്തനങ്ങൾക്കായി നിർമ്മിച്ചുവെങ്കിലും പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ദീർഘവീക്ഷണത്തോടെ പദ്ധതി ആവിഷ്കരിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

4)പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചുവെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ആയത് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഇലക്ട്രിഫിക്കേഷൻ നടത്തി പ്രസ്തുത കെട്ടിടം ഉടനെ പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.28/15.12.2021) മറുപടി നൽകി.

നിലവിലുള്ള കെട്ടിടങ്ങൾ വേണ്ടവിധം പ്രവർത്തനക്ഷമമാക്കിയതിന് ശേഷം മാത്രം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ് ഉചിതം. നിർമ്മിക്കുന്ന കെട്ടിടങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും സാധിക്കണം. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-38 പ്രളയ ഫണ്ടുപയോഗിച്ച് ഗുണഭോക്താക്കൾക്ക് ജീവനോപാധി നൽകിയത് -നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ പ്രളയഫണ്ടായി ലഭിച്ച വിഹിതം ചെലവഴിച്ച് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഗുണഭോക്താക്കൾക്ക് ജീവനോപാധികൾ നലകിയിരുന്നു. സ.ഉ(സാധാ) നം.400/2020/തസ്വഭവ. തീയതി 17.2.2020 ഖ-5 ൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ പ്രളയബാധിതരായി അംഗീകരിച്ചിരുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

ടി ഉത്തരവ് പ്രകാരം ജീവനോപാധികൾ നഷ്ടമായവർക്ക് നഷ്ടപരിഹാരം നേരത്തേ നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് വീണ്ടും ഇപ്രകാരം സഹായം അനുവദിക്കേണ്ടതില്ല എന്നും ഇത് സംബന്ധിച്ച ഒരു പട്ടിക തയാറാക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളും ഫയലിൽ സൂക്ഷിച്ചിരുന്നില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബുധനൂർ ഗ്രാമപഞ്ചായത്ത് എണ്ണയ്ക്കാട് വില്ലേജിൽ ഉൾപ്പെടുന്നതാണെന്നും എണ്ണയ്ക്കാട് വില്ലേജിൽ പൂർണ്ണമായും പ്രളയ ബാധിത പ്രദേശമായി നോട്ടിഫൈ ചെയ്തിട്ടുള്ളതാണെന്നും അതിനാൽ ജീവനോപാധി ലഭിച്ചവർ പ്രളയ ബാധിതരായിരുന്നു എന്നും മറുപടി നൽകി. എന്നാൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നത് പ്രകാരം ഗുണഭോക്താക്കളെ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചതിന്റെയോ മറ്റ് വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചതുമായി ബന്ധപ്പെട്ട പട്ടിക തയാറാക്കിയതിന്റെയോ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-39 ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ചത്-ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിനായി മുൻവർഷങ്ങളിലായി ജില്ലാ പഞ്ചായത്തിൽ നിന്ന് 12.50 ലക്ഷം രൂപ ലഭിച്ചിരുന്നു. എന്നാൽ ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. 6.2.2020 ലെ കമ്മറ്റി തീരുമാന പ്രകാരം ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി ലഭിച്ച ജില്ലാപഞ്ചായത്ത് ഷെയറായ 12.50 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടില്ലെന്നും ടി തുക തിരികെ അടയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രസ്തുത തുക നാളിതുവരെ തിരികെ അടയ്ക്കാതെ തനത് ഫണ്ടിൽ ശേഷിക്കുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/9.12.2021) ലഭ്യമാക്കിയ മറുപടിയിൽ തുക അടിയന്തിരമായി തിരികെ അടയ്ക്കുന്നതാണെന്ന മറുപടി നൽകി. തുക തിരികെ അടച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-40 ലൈഫ് ഭവന നിർമ്മാണം - തിരികെ ലഭിച്ച ആനുകൂല്യം തനത് ഫണ്ടിൽ അവശേഷിക്കുന്നു

2019-20 വർഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 3 ലെ ഗുണഭോക്താവായ സാവിത്രി അമ്മ/ രാജഗോപാല പിള്ള, ചേങ്കിലത്ത വടക്കതിൽ, ഗ്രാമം എന്ന വ്യക്തിക്ക് 160000/- രൂപ 10.3.2020 ൽ അനുവദിച്ചിരുന്നു. എന്നാൽ ടി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് തെറ്റായി എന്ന കാരണത്താൽ ബാങ്കിൽ നിന്ന് തുക തിരികെ തനത് ഫണ്ടിലേക്ക് ലഭിച്ചിരുന്നു. എന്നാൽ ടി തുക നാളിതുവരെ സർക്കാരിലേക്ക് അടച്ചിട്ടില്ല. തുക തിരികെ സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-41 ലൈഫ് എസ്.സി.പി ഭവന പദ്ധതി- വായ്പ എടുത്തിട്ടില്ലെങ്കിലും വികസന ഫണ്ടിൽ നിന്ന് തുക കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.പി പ്രോജക്ട് ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ടെങ്കിലും 2019-20, 2020-21 വർഷങ്ങളിൽ പ്രസ്തുത പ്രോജക്ടുകളിലേക്ക് ഹഡ്കോ വായ്പ എടുത്തിരുന്നില്ല. വായ്പ എടുത്തിരുന്നില്ലെങ്കിലും ടി പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ട് തുക സോഴ്സിൽ നിന്ന് കുറവ് ചെയ്തിരുന്നു. ടി പ്രോജക്ടുകൾ പ്രകാരം സോഴ്സിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കുറവ് ചെയ്ത തുക
2019-20	117648
2020-21	1170220

വായ്പ എടുത്തിട്ടില്ലാത്ത പദ്ധതിയുടെ ചെലവായി സോഴ്സിൽ നിന്ന് കുറവ് ചെയ്തതിനാൽ ഈ ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. എസ്.സി.പി പദ്ധതി പ്രകാരം മറ്റ് വികസന പ്രോജക്ടുകൾക്ക് ചെലവഴിക്കാമായിരുന്ന തുകയാണ് ഇപ്രകാരം പഞ്ചായത്തിന് നഷ്ടമായത്. ആയതിനാൽ ടി തുകകൾ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-42 ടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി കുറവ് ചെയ്ത ടാർവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപമായി തുടരുന്നു

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കിയ വിവിധ റോഡുകളുടെ മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ടാർവീപ്പയുടെ വില സോഴ്സിൽ നിന്ന് കുറവ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് നിക്ഷേപിച്ച ഈ തുക നാളിതുവരെ സർക്കാരിലേക്ക് തിരികെ അടച്ചിട്ടില്ല. ഇപ്രകാരം 87995/- രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുക തിരികെ സർക്കാരിലേക്ക് അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സഹകരണസംഘം ലാബ് ആധുനികവത്കരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പ്രോജക്ടായിരുന്നു സഹകരണസംഘം ലാബ് ആധുനികവൽകരണം. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ, പേര്	147/20-21 സഹകരണസംഘം ലാബ് ആധുനികവത്കരണം
ഫണ്ടിനം	വികസനഫണ്ട് (ജനറൽ)
അടങ്കൽ	2,22,152
ചെലവ്	2,22,152
ബിൽ നമ്പർ, തീയതി	3/2020-21 തീയതി 20.06.2020

മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ചു

ചെങ്ങന്നൂർ താലൂക്ക് മെഡിക്കൽ ഡയഗനോസ്റ്റിക് & പാരാമെഡിക്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് NO.1149- നീതി മെഡിക്കൽ ലാബ്, എണ്ണക്കാട്. പി.ഒ. ചെങ്ങന്നൂർ എന്ന സ്ഥാപനത്തിനാണ് മെഡിക്കൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം 1968 ലെ കേരള സഹകരണസംഘം നിയമപ്രകാരം സഹകരണ സംഘം രജിസ്ട്രാർ മുഖേന രജിസ്റ്റർ ചെയത സ്ഥാപനമാണ്. എന്നാൽ കഴിഞ്ഞ പത്ത് വർഷമായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല. ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി രേഖകൾ എന്നിവയൊക്കി വാങ്ങി നിയമപരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണെന്ന് ഉറപ്പാക്കുന്നതിന് കഴിഞ്ഞില്ല. (സർക്കുലർ നമ്പർ 47724/ഡി.സി.1/11/എൽ.എസ്.ജി.ഡി. തീയതി. 09.12.2012).

ധനസഹായം നൽകുന്നതിന് തൊട്ടുമുൻപുള്ള വർഷമെങ്കിലും സഹകരണ സംഘം പ്രവർത്തനലാഭമുള്ളതായിരിക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുണ്ട്. എന്നാൽ അതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയവ ഹാജരാക്കുന്നതിന് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടു. (ഓഡിറ്റ് എൻക്വയറി. നം-31/2021) മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയില്ല.

കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എലൈറ്റ് ഹെൽത്ത് കെയർ എന്ന സ്ഥാപനം മെഡിക്കൽ ഉപകരണങ്ങൾ വിതരണം നടത്തുന്ന സ്ഥാപനം മാത്രമാണ്. എന്നിരുന്നിട്ടും 7,585/- രൂപയുടെ കമ്പ്യൂട്ടർ ഉപകരണങ്ങളും മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. ഇത്തരം വാങ്ങലുകൾ നടത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നിലനിൽക്കേ മേൽ സ്ഥാപനത്തെ തെരഞ്ഞെടുത്തതും മാർഗ്ഗരേഖകളുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

2) <u>സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിലും അധികം തുക നൽകി</u>

സഹകരണസംഘങ്ങളുടെ ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ സാമൂഹ്യസാമ്പത്തിക തലത്തിൽ ലഭ്യമാകേണ്ട പ്രയോജനം നിശ്ചയിച്ച് നിർദ്ദിഷ്ട 5 ഘടകങ്ങൾക്കായിരിക്കണം ധനസഹായം നൽകേണ്ടതെന്ന് 13-ാം സബ്സിഡി മാർഗ്ഗരേഖ ഖ-6.10 ലെ ഉപഖണ്ഡിക 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 6.14 ൽ വിശദമാക്കുന്നതനുസരിച്ച് നിർമ്മാണച്ചെലവിന്റെ 80% മാത്രമേ ധനസഹായം നൽകാവൂ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 2,22,152/-രൂപ ചെലവുള്ള ഈ പദ്ധതിയ്ക്ക് അനുവദനീയമായ തുക 1,77,722/- രൂപ മാത്രമാണ്. അനുവദിക്കാമായിരുന്നതിലും അധികം 44,430/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. പ്രസ്തുത തുക നിരാകരിക്കുന്നു.

3)ടെണ്ടർ കുറവ് പരിഗണിക്കാതെ തുക ഏജൻസിയ്ക്ക് തുക നൽകി

പ്രോജക്ട് നിർവ്വഹണത്തിനായി മത്സരാധിഷ്ഠിത ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ കോട്ടയത്ത് പ്രവർത്തിച്ചുവരുന്ന എലൈറ്റ് ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് കമ്മറ്റി തീരുമാനമെടുത്തിരുന്നു.

എലൈറ്റ് ഹെൽത്ത് കെയർ, കോട്ടയം എന്ന സ്ഥാപനം നൽകിയ ടെൻഡറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 30% കുറവിൽ (30% Below Estimate Rate) സാധന സാമഗ്രികൾ സപ്ലൈ ചെയ്ത് തരുന്നതിന് സന്നദ്ധമാണെന്ന സമ്മതം ടെൻഡർ ഫോമിൽ രേഖപ്പെടുത്തിയിരുന്നു. മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്ത എലൈറ്റ് ഹെൽത്ത് കെയർ ഹാജരാക്കിയ ബിൽ പ്രകാരം ആകെ തുക 2,22,152/- രൂപ (ബിൽ നമ്പർ, 3/2020-21/ 20.06.2020)യാണ്. എന്നാൽ ടെന്റർ (30%) കുറവ് വരുത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകുകയാണുണ്ടായത്. അതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 44,430/- രൂപ കഴിച്ചുള്ള തുകയുടെ 30% (1,77,722x30%) തുകയായ 53317/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

4)<u>ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നാളിതുവരെ ഒരുക്കിയിട്ടില്ല</u>

എലൈറ്റ് ഹെൽത്ത് കെയർ എന്ന സ്ഥാപനം 04.06.2020 ൽ മെഡിക്കൽ ഉപകരണങ്ങൾ സഹകരണ ലാബിന് എത്തിച്ചു നൽകി. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ എതിർദിശയിൽ നിലകൊള്ളുന്ന സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ് ലാബ് പ്രവർത്തിക്കുന്നത്. പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഓഡിറ്റിന്റെ ഭാഗമായി 18.12.2021-ൽ ഭൗതിക പരിശോധന നടത്തി. ലഭിച്ച താഴെപ്പറയുന്ന ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തിപ്പിക്കാതെ പായ്ക്കററിൽ തന്നെ സൂക്ഷിച്ചിരിക്കുന്ന സ്ഥിതിയിലാണ് കണ്ടെത്താൻ കഴിഞ്ഞത്. പായ്ക്കറ്റിനുള്ളിൽ ഭദ്രമായി സൂക്ഷിച്ച ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉപകരണത്തിന്റെ പേര്	വില

1	Semi Auto Clinical Chemistry Analyser Milspa Viva	81,356
2	Labomed Binoculaar	8,305
3	Digital Sphymomanometre	1,610
4	Heamometre Plano	3,050
5	Blood Cell Counter	9,32
6	Medical Incubator	8,305
7	Three Channel ECG-703	40,593
ആകെ		**1,44,151**

പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ സിംഹഭാഗം ഉപകരണങ്ങളും ഇപ്പോഴും പ്രവർത്തിപ്പിച്ചിട്ടില്ലാത്ത നിലയിലാണ് കാണപ്പെട്ടത്. ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള സ്ഥലത്തിന്റെ അപര്യാപ്തത മൂലമാണ് ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നതെന്ന് ലാബിലെ ജീവനക്കാർ അഭിപ്രായപ്പെട്ടു.

ഗ്രാമപഞ്ചായത്തിൽ പെരിങ്ങലിപ്പുറം, കടമ്പൂർ എന്നിവിടങ്ങളിലായി രണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കടമ്പൂർ പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നതാണ്. ഈ ആരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ലാബും പ്രവർത്തിക്കുന്നുണ്ട്. കടമ്പൂർ ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ലാബിനെ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടപ്പിലാക്കുന്നതിന് പ്രഥമ പരിഗണന കൊടുത്തിരുന്നുവെങ്കിൽ സാധാരണ ജനങ്ങൾക്ക് വളരെയധികം ഫലപ്രദമായേനെ എന്നത് സംശയമില്ലാത്ത കാര്യമാണ്. ലാബ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാകുന്നതിനെ സംബന്ധിച്ച് ഫീസിബിലിറ്റി പരിശോധിക്കാതെയാണ് പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചതും ആയത് പദ്ധതിയുടെ പരാജയത്തിന്റെ പ്രധാനപ്പെട്ട കാരണമായി. നിർവ്വഹണത്തിലെ മുന്നൊരുക്കമില്ലായ്മ പദ്ധതി ആസൂത്രണത്തിലെ പിഴവിന് ആക്കം കൂട്ടി.

ഉപകരണങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഉപകരണങ്ങൾക്ക് 2 വർഷത്തെ വാറണ്ടി സ്ഥാപനം ഉറപ്പുനൽകുന്നുണ്ട്. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാത്തതിനാൽ ആനുകൂല്യത്തിന്റെ ആവശ്യം ഇക്കാലയളവിൽ ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നില്ല എന്നത് നിർവ്വഹണത്തിന്റെ മറ്റൊരു അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

രേഖപ്പെടുത്തിയ ടെൻഡർ കുറവ് തുകയിൽ കുറച്ച് ബിൽ തുക നൽകാഞ്ഞതിനാൽ ഉണ്ടായ ചെലവ് നഷ്ടത്തുകയായ 53317/- രൂപയും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 44430/- രൂപയും ഉൾപ്പടെ 97747/-രൂപ നഷ്ടമായി നിജപ്പെടുത്തുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. മറ്റ് അപാകങ്ങൾ നിലനിൽക്കുന്നതിനാലും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ വാങ്ങലുകളുടെ തുകയായ 7,585/- രൂപ ഉൾപ്പടെ നിരാകരണത്തിന് ശേഷം അവശേഷിക്കുന്ന 124405/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 വ്യായാമ കേന്ദ്രം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ - ചെലവിനത്തിൽ 7043/- രൂപയുടെ നഷ്ടം

പ്രോജക്ട് നം. - 122/21

പ്രോജക്ടിന്റെ പേര് - വ്യായാമകേന്ദ്രം

ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും ഹെൽത്ത് ക്ലബ് ആരംഭിക്കുന്നതിനായാണ് ടി പ്രോജക്ട് രൂപീകരിച്ചത്. ഈ പ്രോജക്ടിന്റെ നിർവഹണത്തിനായി 13 ഇനം വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിനായി 03 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ ലോവസ്റ്റ് ടെണ്ടർ പരിഗണിക്കാതെ ഹെൽത്ത് പാർക്ക് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

വാങ്ങിയ സാധനം	ഹെൽത്ത് പാർക്ക് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്	പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്
Cable Cross Over	61880	58905

Flat Bench	4046	3511
Adjustable Bench	8033	7497
Thread Mill	33320	31535
Orbitrack	15470	14280

ഇപ്രകാരം കുറഞ്ഞ ടെണ്ടർ പരിഗണിക്കാതെ സാധനം വാങ്ങിയത് വഴി പദ്ധതിപ്പണത്തിന് അധികച്ചെലവ് ഉണ്ടായതായി കാണുന്നു. 03-ാം വാർഡിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറിയുടെ മുകൾ നിലയിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ചുമതല ലൈബ്രേറിയൻ നിധിൻ കിഷോറിന് നല്കാൻ തീരുമാനിച്ചിട്ടുണ്ട്. (കമ്മിറ്റി തീരുമാനം നം-6(3)/തീയതി 07-09-2020). ടി കേന്ദ്രത്തിൽ നിലവിൽ ദിവസേന എത്ര പേർ വ്യായാമത്തിനായി വരുന്നുണ്ട്, വിസിറ്റേഴ്സിന്റെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ, വിസിറ്റേഴ്സിൽ നിന്ന് യൂസർ ഫീ എന്തെങ്കിലും ഈടാക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നം. 12 ന് നല്കിയ വിശദീകരണത്തിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളതിനാൽ ക്വാട്ട് ചെയ്ത തുകയിലും കുറച്ചാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാൽ പദ്ധതി പണം അധികത്തിൽ ചെലഴിച്ചിട്ടില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത് 1% ഫ്ലഡ് സെസ് മാത്രമാണ്. ഇത് മൂലം പദ്ധതിപ്പണത്തിൽ നഷ്ടമുണ്ടായിട്ടില്ലായെന്ന മറുപടി അംഗീകരിക്കുന്നില്ല. നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വാങ്ങിയ സാധനം	ഹെൽത്ത് പാർക്ക് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്			പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ (ടാക്സ് ഉൾപ്പെടെ) നിരക്ക്			അധികത്തിൽ ചെലവഴിച്ച തുക
	യൂണിറ്റ് നിരക്ക്	ടാക്സ്	ആകെ	യൂണിറ്റ് നിരക്ക്	ടാക്സ്	ആകെ	
Cable Cross Over	52000	9360	61360	49500	8910	58410	2950
Flat Bench	3400	1224	4624	2950	1062	4012	612
Adjustable Bench	6750	1215	7965	6300	1134	7434	531
Thread Mill	28000	5040	33040	26500	4770	31270	1770
Orbitrack	13000	2340	15340	12000	2160	14160	1180

ആകെ 7043

ഇപ്രകാരം അധികത്തിൽ ചെലവായ തുക 7043/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്.

ഇവ കൂടാതെ Static Bike, Hexagonal Rubber Dumbells 1 Kg, Hexagonal Rubber Dumbells 5kg, Hexagonal Rubber Dumbells 7.5kg, Hexagonal Rubber Dumbells 10 Kg Hexagonal Rubber Dumbells 12.5kg, Hexagonal Rubber Dumbells 15kg, Hexagonal Rubber Dumbells 20kg എന്നീ സാധനങ്ങളും വാങ്ങിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് കൈ നം.11/2018/ത.സ്വ.ഭ.വ./29-01-2018 ഖണ്ഡിക 7.10 ൽ കായിക വിനോദ മേഖലയിൽ ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളെപ്പറ്റി പറയുന്നുണ്ട്. മിനി സ്റ്റേഡിയം, കളിസ്ഥലം, സ്കൂളുകളുടെ കളിസ്ഥലത്തിന്റെ മേന്മവൽക്കരണം, സ്പോർട്സ് കൗൺസിലുകൾ സജീവമാക്കുക, സ്പോർട്സ്-ഗെയിംസ് ഇനങ്ങളിൽ പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, എന്നിവയുടെ സംഘാടനം എന്നിങ്ങനെ ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് പറയുന്നുണ്ട്. പദ്ധതി മാർഗ്ഗരേഖയിലൊ സബ്സിഡി മാർഗ്ഗരേഖയിലൊ ഇപ്രകാരം ഒരു പ്രോജക്റ്റ് ഏറ്റെടുക്കാവുന്നത് സംബന്ധിച്ച് നിർദ്ദേശമുൾപ്പെടുത്തിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദേശത്തിലുൾപ്പെടുത്തിയിട്ടില്ലാത്ത ഇത്തരമൊരു പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്. നിലവിൽ ഇത് വെറ്ററിനറി ഡിസ്പെൻസറിയുടെ മുകൾ നിലയിലാണ് സ്ഥാപിച്ചിരിക്കുന്നത്. മുകൾ നില ട്രസ് വർക്ക് ചെയ്തിട്ടുള്ളതും ഭിത്തി പൂർണമായും കെട്ടിമറച്ചിട്ടില്ലാത്തതുമാണ്. ഈ വ്യായാമ ഉപകരണങ്ങൾ സുരക്ഷിതമായ ഒരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതാണ്. നിലവിൽ ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ ഈടാക്കുന്നില്ല. യൂസർ ഫീ ഈടാക്കി വരുമാനദായകമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. (ട്രഷറി ബിൽ നം.04/20-21/17-04-20 പ്രകാരം 158816/- രൂപ പിൻവലിച്ച് സാധനം സപ്ളൈ ചെയ്ത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്).

3-3 കെയ്ക്കോയ്ക്ക് അധികമായി തുക അനുവദിച്ചു

പ്രോജക്റ്റ് നം. - 199

പേര് – സുഭിക്ഷ കേരളം - കിഴങ്ങു കൃഷി പ്രോത്സാഹനം

അടങ്കൽ - 80000

ചെലവ് - 80000

ബിൽ നം. 06/20-21/15.01.21

2020-21 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ സുഭിക്ഷ കേരളം കിഴങ്ങു കൃഷി പ്രോത്സാഹനം എന്ന പദ്ധതിയ്ക്കായി കെയ്ക്കോ ഡിവിഷണൽ ഓഫീസ്, തിരുവല്ലയിൽ നിന്നും ഇൻവോയിസ് നം. V-137 A/20-21 03.08.2020 പ്രകാരം 1142.86 കിലോ ചേമ്പ് 70/- രൂപ നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഫയലിലും, ട്രഷറി ബിൽ ബുക്കിലും വാങ്ങിയത് ചെറു ചേമ്പ് (കൊച്ചു ചേമ്പ്) എന്ന് പ്രത്യേകം എഴുതിയിട്ടുണ്ട്. വാങ്ങിയ ചേമ്പ് സ്റ്റോക്ക് എൻട്രി വരുത്തിയിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ വോള്യം -5 പേജ് 36 ലും 1142.86 കിലോ കൊച്ചു ചേമ്പ് എന്ന് തന്നെയാണ് എഴുതിയിട്ടുള്ളത്.

ചേമ്പ് വാങ്ങിയിട്ടുള്ളത് ഓഗസ്റ്റ് മാസത്തിലാണ്. കേരളത്തിലെ കൃഷി രീതികൾ പ്രകാരം ഇക്കാലത്ത് ചെറു ചേമ്പ് (കൊച്ചു ചേമ്പ്) ആണ് നടാറുള്ളത്.

13-ാം പഞ്ചവത്സര പദ്ധതി – 2020-21 വർഷത്തെ ജില്ലാ തല ആസൂത്രണ സമിതിയുടെ അംഗീകൃത ജില്ലാ തല യൂണിറ്റ് കോസ്റ്റ് പ്രകാരം ചെറു ചേമ്പിന് ഒരു കിലോഗ്രാമിന്റെ വില 35/- രൂപയാണ്. ഇപ്രകാരം 1142.86 കിലോ ചേമ്പിന് നല്കാവുന്ന തുക 40000/- രൂപയാണ് . എന്നാൽ 80000/-രൂപയാണ് നല്കിയിട്ടുള്ളത്.

അധികമായി തുക കെയ്ക്കോക്ക് അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.5/20-21/04.12.21 ന് ഫയലിന്റെ മുഖ പത്രത്തിലും, ട്രഷറി ബിൽ ബുക്കിലും പദ്ധതി തിരിച്ചറിയുവാൻ വേണ്ടി മാത്രമാണ് കൊച്ചു ചേമ്പ് എന്ന് എഴുതിയതെന്നും ഫയൽ ഓഡിറ്റിനുവേണ്ടി അടുക്കിക്കെട്ടിയപ്പോൾ വന്ന പാകപ്പിഴയാണെന്നും മറുപടി നല്കി.

പദ്ധതി ഫയലിലും, ട്രഷറി ബിൽ ബുക്കിലും, സ്റ്റോക്ക് രജിസ്റ്ററിലും ഒരേ രീതിയിയിൽ ആവർത്തിച്ച കൊച്ചു ചേമ്പ് എന്ന് എഴുതിയത് പദ്ധതി തിരിച്ചറിയുവാൻ വേണ്ടി മാത്രമാണെന്നും ഫയൽ ഓഡിറ്റിനുവേണ്ടി അടുക്കിക്കെട്ടിയപ്പോൾ വന്ന പാകപ്പിഴയാണെന്നും കരുതാനാവില്ല. വാങ്ങി സ്റ്റോക്ക് എൻട്രി വരുത്തിയത് കൊച്ചു ചേമ്പ് തന്നെ ആയതു കൊണ്ടാണ് ഇപ്രകാരം ഒരേ രീതിയിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല. അധികമായി ചെലവഴിച്ച 40000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

കെയ്ക്കോക്ക് അധികമായി നല്കിയ തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടയ്ക്കേണ്ടതാണ്. വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(രേഖകളുടെ പകർപ്പ് തെളിവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്).

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജ്ക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2020-21		നെൽകൃഷി വികസനം	25000	0
			സുഭിക്ഷ കേരളം-ബുധനൂർ	284512	
			ലൈഫ് മിഷൻ-ഭവന നിർമ്മാണം	80000	
			ലൈഫ് മിഷൻ -ഭവന നിർമ്മാണം(എസ്.സി.പി	80000	
			ലൈഫ് മിഷൻ-ഭവന നിർമ്മാണം(ജനറൽ)	1180000	
ജില്ല പഞ്ചായത്ത്	2020-21		നെൽകൃഷി വികസനം	200000	
			സുഭിക്ഷ കേരളം- ഹരിത ബുധനൂർ	50000	
			ലൈഫ് ഭവന നിർമ്മാണം എസ്സ്.സി.പി	160000	
			ലൈഫ് ഭവന നിർമ്മാണം(ജനറൽ)	280000	
			അനുപൂരക പോഷകാഹാര വിതരണം	100000	
			ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	200000	

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവണ ഏജൻസി	*പ്രവൃത്തിയുടെ പേര്*	*വൗച്ചർ നമ്പർ/ ചെക്ക് നം.*	*മുൻകൂർ നൽകിയ തുക*	*ചെലവഴിച്ച തുക*	*ചെലവഴിക്കാൻ ബാക്കിയുള്ള തുക*
കെ.എസ്.ഇ.ബി	വഴിവിളക്ക് ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ-അപായകരമായ പോസ്റ്റ് മാറ്റി സ്ഥാപിക്കലും	ബിൽ നം. 9/15.5.2020	200000	0	2000000 (2021-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.)

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	തൻ വർഷം വായ്പ	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഹഡ്കോ വായ്പ			3421425	585491(ജനറൽ)		2836434

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	94841123
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	78576993
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	144790
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2270777

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	97747	ഡോ.ഷീജ പി.എൻ,മെഡിക്കൽ ഓഫീസർ, അലോപ്പതി
3-2	7043	ശ്രീ സി.പി.വിൻസന്റ്,സെക്രട്ടറി
3-3	40000	സൂസൺ തോമസ്, കൃഷി ഓഫീസർ
ആകെ	144790	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ആളുടെപേരും

നമ്പർ		ഉദ്യോഗപ്പേരും
1-16	124405	ഡോ.ഷീജ പി.എൻ,മെഡിക്കൽ ഓഫീസർ, അലോപ്പതി
1-20	49400	ശ്രീമതി ശ്രീകല. എസ്, വെറ്ററിനറി സർജ്ജൻ
1-22(1)	400000	ശ്രീ. സി.പി.വിൻസന്റ്, സെക്രട്ടറി
1-22(2)	156680	ശ്രീ. സി. പി .വിൻസന്റ്, സെക്രട്ടറി
1-22(3)	54000	ശ്രീ. സി. പി .വിൻസന്റ്, സെക്രട്ടറി
1-24	800000	ശ്രീ. പ്രദീപ്, വി.ഇ.ഒ, എണ്ണയ്ക്കാട് സർക്കിൾ
1-25	640178	ശ്രീമതി അശ്വതി കൃഷ്ണ, വി.ഇ.ഒ, ബുധനൂർ സർക്കിൾ
1-33	46114	ശ്രീ. പ്രദീപ്, എണ്ണയ്ക്കാട് സർക്കിൾ
ആകെ	2270777	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-19

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സി.പി.വിൻസന്റ്	സെക്രട്ടറി, ബുധനൂർ ഗ്രാമ പഞ്ചായത്ത്	ചങ്ങഴവേലിൽ, ചെറുകോൽ. പി.ഒ., മാവേലിക്കര, ആലപ്പുഴ
ശ്രീമതി സൂസൺ തോമസ്	കൃഷി ഓഫീസർ, ബുധനൂർ ഗ്രാമ പഞ്ചായത്ത്	തോന്നിൽ ബേത്'ല ഹേം, വാഴാർ മംഗലം. പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ
ശ്രീമതി ശ്രീകല. എസ്	വെറ്ററിനറി സർജൻ, ബുധനൂർ ഗ്രാമ പഞ്ചായത്ത്	ഹരിവിലാസം, കുട്ടംപേരൂർ പി.ഒ., മാന്നാർ, ആലപ്പുഴ
ഡോ.ഷീജ പി.എൻ.	മെഡിക്കൽ ഓഫീസർ (പി.എച്ച് .സി) ബുധനൂർ ഗ്രാമ പഞ്ചായത്ത്	ഷാജി സദനം, പാണ്ടനാട് പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ
ശ്രീമതി അശ്വതി കൃഷ്ണ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബുധനൂർ സർക്കിൾ, ബുധനൂർ ഗ്രാമ പഞ്ചായത്ത്	വിജയഭവനം, പാണ്ടനാട്.പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ
ശ്രീ. പ്രദീപ്.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എണ്ണയ്ക്കാട് സർക്കിൾ, ബുധനൂർ ഗ്രാമ പഞ്ചായത്ത്	മുളക് തോപ്പിൽ,കൊട്ടക്കാട്ട്ശ്ശേരി, എൽ.എസ്, നൂറനാട്, ആലപ്പുഴ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1989-90, 1990-91	എൽ.എഫ്.എ.3/932/93/01.10.1993

1991-92	എൽ.എഫ്.എ.3/49/1994/11-02-1994
1992-93, 1993-94, 1994-95	എൽ.എഫ്.എ8/129/1999/17-05-1999/7-7-1999
1995-96	എൽ.എഫ്.എ 8/365/99/16-08-99/6-10-1999
1997-98	എൽ.എഫ്.എ 8/728/99/19-05-2001/10-08-2001
1998-99	എൽ.എഫ്.എ 8/517(A)/2000/28-07-2001/10-08-2001
2001-02	എൽ.എഫ്.എ 8/517(A)/2000/28-07-2001/10-08-2001
2002-03	എൽ.എഫ്.എ 11/357/2006/11-10-2006/01-06-2007
2004-05	എൽ.എഫ്.എ 11/1544/2008/10-06-2009
2005-06	എൽ.എഫ്.എ 11/1545/2008/10-06-2009
2006-07, 2007-08, 2008-09, 2009-10	എൽ.എഫ്.എ1577/2013/12-05-2014
2010-11, 2011-12	എൽ.എഫ്.എ.പി.7/275/2013/03-06-2013/30-06-2013
2012-13, 2013-14	എൽ.എഫ്.എ. എ.എൽ.പി.പി.5/27/15/25-03-15/12-06-2015
2014-15	കെ.എസ്.എ/എ.എൽ.പി/പി5-846/2016 തീയതി 01-8-2016
2015-16	കെ.എസ്.എ/എ.എൽ.പി/പി5-50/2017 തീയതി 24-01-2017
2016-17	കെ.എസ്.എ/എ.എൽ.പി/പി5-753/17/27.06.17/06.07.2017
2017-18	കെ.എസ്.എ/എ.എൽ.പി/പി5-7/290/19/06.06.2019
2018-19	കെ.എസ്.എ/എ.എൽ.പി-പി5/905/19/25.11.2019
2019-20	കെ.എസ്.എ/എ.എൽ.പി-പി5/349/22/27.3.2022

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്